കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പനത്തടി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

### ജില്ലാ ഓഡിറ്റ്കാര്യാലയം, കാസറഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.എകെ.എസ്.എ/കെ.എസ്.ഡി.10/141/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
ഫോൺ: 0499 4256690.
ഇ-മെയിൽ: doksd.ksad@kerala.gov.in

തീയതി. 18-03-2020.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് ,
(സെക്രട്ടറി മുഖേന)
പനത്തടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പനത്തടി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്ത ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കാസറഗോഡ്.
3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ/കെ.എസ്.ഡി.10/141/2020. തിയ്യതി: 18-03-2020.

# <u>കാസറഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 04-02-2019 മുതൽ 08-01-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2018 മുതൽ 31-03-2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 16 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 3 ഓഡിറ്റ് അന്വേഷണത്തിനു മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഉണ്ണി പി കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09-01-2010 മുതൽ 17-01-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | (1) ശ്രീ ലോകേശ ആചാരി ബി<br>(ഓഡിറ്റ് ഓഫീസർ,ഹ.ഗ്രേഡ് )<br>(2) ശ്രീ വിനോദ് കുമാർ വി<br>(അസി ഓഡിറ്റ് ഓഫീസർ)<br>(3) ശ്രീ യാദവ കുമാർ സി എച്ച്<br>(അസി.ഓഡിറ്റ് ഓഫീസർ)<br>(4) ശ്രീ ബാബു എം<br>(അസി ഓഡിറ്റ് ഓഫീസർ)<br>(5) ശ്രീ രഘുനാഥൻ കെ<br>(അസി ഓഡിറ്റ് ഓഫീസർ) |

(ബി) നിർവ്വഹണാധികാരികൾ

| പ്രസിഡന്റ് | പേര് | കാലാവധി | |
|---|---|---|---|
| | | മുതൽ | വരെ |
| | ശ്രീ പി ജി മോഹനൻ | 01-04-2018 | 31-03-2019 |
| സെക്രട്ടറി | ശ്രീ കെ ബാലകൃഷ്ണൻ | 01-04-2018 | 31-03-2019 |

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | അജിത്ത് വി പി<br>പ്രിയങ്ക എസ്<br>വിനോദിനി എ | 01-04-2018<br>13-02-201<br>17-02-2019 | 12-02-2019<br>16-02-2019<br>31-03-2019 |
| വെറ്റി.സർജ്ജൻ | ഡോ നിർമ്മൽ ചാക്കോ<br>ഡോ ജിപിൻ ചെറിയാൻ<br>ഡോ അർജ്ജുൻ കെ സി | 01-04-2018<br>23-11-2018<br>11-12-2018 | 22-11-2018<br>10-12-2018<br>31-03-2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജോസ് ജയകുമാർ<br>ഉഷാ കെ | 01-04-2018<br>24-06-2018 | 23-06-2018<br>31-03-2019 |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ മാർക്ക് ജേക്കബ് | 01-04-2018 | 31-03-2019 |
| മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദ | ഡോ സജിത്ത് വി പി<br>ഡോ ദിലിപ് കെ | 01-04-2018<br>13-10-2018 | 12-10-2018<br>31-03-2019 |
| വി.ഇ.ഒ | ഇക്ബാൽ സി എച്ച്<br>ജയരാജ് പി കെ | 01-04-2018<br>12-06-2018 | 11-06-2018<br>31-03-2019 |
| ഐ.സി.ഡി. എസ്<br>സൂപ്പർവൈസർ | പ്രീമി പ്രസാദ്<br>സജന കായക്കിൽ | 01-04-2018<br>20-07-2018 | 19-07-2018<br>31-03-2019 |
| ഹെഡ്മാസ്റ്റർ<br>ജ.എൽ.പി.എസ്. | എ ബാലചന്ദ്ര<br>ഗോപി പി | 01-04-2018<br>14-06-2018 | 13-06-2018<br>31-03-2019 |
| അസിസ്റ്റന്റ് എൻജിനിയർ | രാജേഷ് എം കെ | 01-04-2018 | 31-03-2019 |
| അസിസ്റ്റന്റ് സെക്രട്ടറി | അബ്ദുൾ ലത്തീഫ് പി എം<br>ജോസഫ് അബ്രഹാം<br>രവീന്ദ്രൻ കെ<br>(എച്ച്.സി ഇൻ ചാർജ്)<br>നാരായണ കെ | 01-04-2018<br>10-10-2018<br>01-01-2019<br>25-01-2019 | 09-10-2018<br>31-12-2018<br>24-01-2019<br>31-03-2019 |

**ഉള്ളടക്കം**

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1**<br>**ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് അംഗീകരിച്ചതിന്റെ വിവരം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾക്ക് തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-12 |
| 13 | തനത് വരുമാനം | 1-13 |
| 14 | രജിസ്റ്റേർഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകൽ പദ്ധതി | 1-14 |
| 15 | രജിസ്റ്റേർഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകൽ പദ്ധതി | 1-15 |
| 16 | ഗോത്രസാരഥി പദ്ധതിക്ക് തുക നൽകൽ - അപാകത | 1-16 |
| 17 | 8-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ പദ്ധതി | 1-17 |
| 18 | വൈദ്യുതി ലൈൻ നീട്ടൽ പദ്ധതി -മുഴുവൻ പൂർത്തീകരിച്ചിട്ടില്ല. | 1-18 |
| 19 | ഗ്രാമപഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പദ്ധതി - അപാകത | 1-19 |
| 20 | ഹരിത കേരളം പദ്ധതി - അപാകത | 1-20 |
| 21 | കവുങ്ങിന് ജൈവവളം പദ്ധതി- പട്ടികവർഗ്ഗം - അപാകത | 1-21 |
| 22 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് -സംയുക്തമായി പരിശോധന നടത്തുന്നില്ല. | 1-22 |
| 23 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടില്ല. | 1-23 |
| 24 | മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. | 1-24 |
| 25 | ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത | 1-25 |

| | | |
|---|---|---|
| | പരിശോധന നടത്തുന്നില്ല. | |
| 26 | ജാഗ്രതാ സമിതി രൂപീകരിണ്ടതാണ്. | 1-26 |
| 27 | റോഡ് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ചെയിനേജുകൾ മറികടന്ന് പ്രവൃത്തി നിർവഹിക്കുന്നു | 1-27 |
| 28 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-28 |
| 29 | ഇ-ടെണ്ടർ- ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല | 1-29 |
| 30 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല. | 1-30 |
| 31 | വാഹനം പരിപാല | 1-31 |
| 32 | TR 7 A മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ് | 1-32 |
| 33 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ് | 1-33 |
| 34 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ | 1-34 |
| 35 | അങ്കണവാടികൾക്ക് അടിസ്ഥന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. | 1-35 |
| 36 | ഭവനനിർമ്മാണം പൂർത്തിയാക്കനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-36 |
| 37 | ഭവന നിർമ്മാണം-അപാകതകൾ | 1-37 |
| 38 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ നിർമാണ സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- അപാകതകൾ | 1-38 |
| | **ഭാഗം 2**<br>**വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3**<br>**ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 39 | കവുങ്ങിന് ജൈവവളം പദ്ധതി- പട്ടികവർഗ്ഗം - അപാകത | 3-1 |
| | **ഭാഗം 4**<br>**ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനം** | |
| 40 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടിന്റെ വിവരം | 4-1 |
| 41 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 43 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 44 | സ്ഥിര നിക്ഷേപം | 4-5 |
| | | |

| | | |
|---|---|---|
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 47 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 50 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 51 | രസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 |
| 52 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 53 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28-03-2018 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. 31-01-2019 ാം തീയതി ബജറ്റ് പുതുക്കിയിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു.

| | 28-03-2019 ലെ ബജറ്റ് | 31-01-2019 ലെ പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 29,78,554 | 29,78,554 |
| പ്രതീക്ഷിത വരവ് | 21,41,15,000 | 39,78,39,669 |
| ആകെ | 21,70,93,554 | 40,08,18,223 |
| പ്രതീക്ഷിത ചെലവ് | 21,61,07,642 | 39,43,59,564 |
| നീക്കിയിരിപ്പ് | 9,85,912 | 64,58,659 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 27-05-2019 | ഇല്ല | ഇല്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/ |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | തീയതി |
| 2018-2019 | 26-06-2019 മുതൽ 27-06-2019 വരെ | നം.കെ.എസ്.എ/ കെ.എസ്.ഡി.3 479/2019 തീയതി 07-08-2019 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 88,19,145 |
| വരവ് | 13,36,92,118 |
| ആകെ | 14,25,11,263 |
| ചെലവ് | 10,56,24,853 |
| നീക്കിയിരിപ്പ് | 3,68,86,410 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ(ACR പ്രകാരം) | | 0 | 1,93,64,966 | 1,93,64,966 | 1,90,91,453 | 2,73,513 |
| വികസന ഫണ്ട് -എസ്.സി.പി(ACR പ്രകാരം) | | 0 | 7,14,000 | 7,14,000 | 6,24,500 | 89,500 |
| വികസന ഫണ്ട് -ടി.എസ്.പി(ACR പ്രകാരം) | | 0 | 1,77,89,000 | 1,77,89,000 | 1,76,89,000 | 1,00,000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 89,62,000 | 89,62,000 | 80,11,992 | 9,50,008 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | | 0 | 1,39,97,000 | 1,39,97,000 | 1,38,22,446 | 1,74,554 |
| മെയിന്റനൻസ്,നോൺ- റോഡ് (ACR പ്രകാരം) | | 0 | 43,08,000 | 43,08,000 | 33,49,384 | 9,58,616 |
| സാക്ഷരത | | 91,105 | 3,700 | 94,805 | 0 | 94,805 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 5,89,48,187 | 5,89,48,187 | 5,89,48,187 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3762 | 22,37,201 | 22,40,963 | 16,41,710 | 5,99,253 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 30,67,727 | 0 | 30,67,727 | 0 | 30,67,727 |
| | SSA | 3,38,240 | 0 | 3,38,240 | 0 | 3,38,240 |
| | ICDS | 11,80,132 | 5,18,650 | 16,98,782 | 5,89,928 | 11,08,854 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി ഫണ്ട് | 10,500 | 25,000 | 35,500 | 0 | 35,500 |
| | ശുചിത്വമിഷൻഫണ്ട് | 17,27,121 | 17,37,775 | 34,64,896 | 0 | 34,64,896 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 0 | 31,48,443 | 31,48,443 | 30,47,884 | 1,00,559 |
| | ജില്ലാ പഞ്ചായത്ത് | | | | | |

| | | | | | | |
|---|---|---|---|---|---|---|
| അക്കൗണ്ട് | ല | 0 | 55,32,472 | 55,32,472 | 27,53,900 | 27,78,572 |
| ബി.ഫണ്ട് . | വാർദ്ധക്യകാല പെൻഷൻ | 0 | 1,75,20,300 | 1,75,20,300 | 1,75,20,300 | 0 |
| | കർഷക തൊഴിലാളി പെൻഷൻ | 0 | 19,81,000 | 19,81,000 | 19,81,000 | 0 |
| | വിധവാ പെൻഷൻ | 0 | 1,50,18,600 | 1,50,18,600 | 1,50,18,600 | 0 |
| | വികലാംഗ പെൻഷൻ | 0 | 33,30,200 | 33,30,200 | 33,30,200 | 0 |
| | അവിവാഹിത പെൻഷൻ | 0 | 3,89,400 | 3,89,400 | 3,89,400 | 0 |
| | വിവാഹ ധനസഹായം | 0 | 60,000 | 60,000 | 60,000 | 0 |
| | തൊഴിൽ രഹിത വേതനം | 0 | 6,600 | 6,600 | 6,600 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 6,87,000 | 6,87,000 | 6,87,000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 24,79,585 | 1,75,15,639 | 1,99,95,224 | 1,87,15,272 | 12,79,952 |
| | ട്രഷറി അക്കൗണ്ട് | 9,34,401 | 1,56,27,775 | 1,65,62,176 | 1,24,06,602 | 41,55,554 |
| മറ്റിനം | ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചത് | 0 | 19,02,540 | 19,02,540 | 19,02,540 | 0 |

# 1-6 പദ്ധതി അവലോകനം

<u>ആസൂത്രണ സമിതി</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2018-19വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾഎന്നിവ ജി.ഒ.(എം.എസ്.) നം. 72/2017 ത. സ്വ. ഭ. വ. തീയതി 29/3/2017 & ജി.ഒ.(എം.എസ്.) നം 10/2017 ത.സ്വ. ഭ. വ. തീയതി 9/1/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ട്. ആസൂത്രണ സമിതി 2018-19 വർഷത്തിൽ 20-10-2018 തീയതി മാത്രമാണ് യോഗം ചേർന്നത്.

<u>വികസന സെമിനാർ</u>

2018-19 വർഷത്തെ വികസന സെമിനാർ 13-03-2018 തിയതി നടത്തിയിട്ടുണ്ട്. മൊത്തം ഹാജർ 282.

<u>വികസനരേഖ</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214ാം വകുപ്പ് പ്രകാരം വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ജനുവരി മാസം 15ന് മുൻപ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2018-19 വർഷം ഗ്രാമ പഞ്ചായത്തിലെ ക്ഷേമകാര്യം, വികസനം,ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും പാലിക്കേണ്ടതാണ്

<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽക്കേണ്ടതാണ്. പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി

പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്.

## മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 2018-19 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ

2018-19 വർഷത്തിൽ മൊത്തം 240 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികളുടെ മൊത്തം അടങ്കൽ തുക 25,71,38,058 രൂപ. എന്നാൽ 163 പദ്ധതികൾ മാത്രമാണ് നിർവ്വഹണം നടത്തിയത്. മൊത്തം പദ്ധതി ചെലവ് 8,71,89,217 രൂപയാണ്. മൊത്തം അടങ്കലിന്റെ 68ശതമാനം ചെലവ് ചെയ്തിട്ടുണ്ട്.

| അംഗീകാരം ലഭിച്ച പദ്ധതി | | നടപ്പാക്കിയ പദ്ധതി | | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| എണ്ണം | അടങ്കൽ | എണ്ണം | ചെലവ് | | | |
| 240 | 25,71,38,058 | 163 | 8,71,89,217 | 86 | 77 | 68% |

**നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 12 | 48,27,020 | 12 | 31,77,159 | 65.82% |
| 2 | വെറ്റി. സർജൻ | 8 | 41,34,000 | 7 | 23,90,177 | 57.81% |
| 3 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 29,16,540 | 1 | 29,16,540 | 100% |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 3 | 19,00,000 | 3 | 17,83,562 | 93.87% |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ | 2 | 7,00,000 | 1 | 7,00,000 | 100% |

| | | | | | | |
|---|---|---|---|---|---|---|
| 6 | ICDS സൂപ്പർവൈസർ | 8 | 41,91,872 | 7 | 39,71,800 | 94.75% |
| 7 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 17 | 15,35,69,539 | 14 | 3,14,56,951 | 20.48% |
| 8 | സെക്രട്ടറി | 23 | 1,28,67,223 | 21 | 53,39,246 | 41.49% |
| 9 | അസി. സെക്രട്ടറി | 1 | 2,37,135 | 1 | 2,37,135 | 100% |
| 10 | ഹെഡ്മാസ്റ്റർ | 12 | 24,50,900 | 10 | 21,42,620 | 87.42% |
| 11 | അസി.എൻജിനിയർ | 153 | 6,93,03,829 | 86 | 3,30,74,027 | 47.72% |
| | **ആകെ** | **240** | **25,70,98,058** | **163** | **8,71,89,217** | **33.91%** |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവകൾ | 3,762 | 22,37,201 | 22,40,963 | 16,41,710 | 5,99,253 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 5,89,48,187 | 5,89,48,187 | 5,89,48,187 | 0 |
| ആകെ | 3,762 | 6,11,85,388 | 6,11,89,150 | 6,05,89,897 | 5,99,253 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2018-19 | വാർദ്ധക്യകാല പെൻഷൻ | 1,75,20,300 | 1620 |
| | കർഷകതൊഴിലാളി പെൻഷൻ | 19,81,000 | 187 |
| | വിധവാ പെൻഷൻ | 1,50,18,600 | 1250 |
| | വികലാംഗ പെൻഷൻ | 33,30,200 | 270 |
| | അവിവാഹിത പെൻഷൻ | 3,89,400 | 38 |
| | വിവാഹ ധനസഹായം | 60,000 | 2 |
| | തൊഴിൽ രഹിത വേതനം | 6,600 | 6 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-01-2020 ന് 2.45 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12,554 രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

**ആസ്തികളുടെ പരിപാലനം-**

പഞ്ചായത്തിന്റെ തനത് ആസ്തികൾ വാങ്ങുന്നതിന് പ്രോക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ്. ഇലക്ട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തിആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറന്റിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധാനം ഇല്ല. നിലവിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ പ്രവർത്തന ക്ഷമത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-** ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ അപൂർണമാണ്. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ഡി സി ബി ഇനങ്ങളുടെ റജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. പ്രോക്യൂർമെന്റ് കമ്മറ്റി മിനുട്ടസ് കൃത്യമായി എഴുതിയിട്ടില്ല. രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ ഓഡിറ്റിനു കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

**മറ്റ് പ്രസക്തമായവ-** പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | ഓഡിറ്റ് നടന്നിട്ടില്ല | - | - |
| പെർഫോമെൻസ് ഓഡിറ്റ് | 27-12-2019 | 07/2019 മുതൽ 11/2019 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

<u>പനത്തടി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകളിൽ ആസ്തി രജിസ്റ്റർ സംബന്ധിച്ചുള്ള അപാകതകൾ ഒഴികെയുള്ളവ പരിഹരിച്ചിട്ടുണ്ട്.
2. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
3. പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരമുള്ള അഡ്വാൻസുകൾ ആർക്കൊക്കെ എന്ത് ആവശ്യത്തിന് നൽകിയതാണ് എന്നുള്ള വിവരങ്ങൾ ലഭ്യമല്ല.
4. പഞ്ചായത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരമുള്ള ഡെപ്പോസിറ്റുകൾ ആര്, എന്ത് ആവശ്യത്തിന് നൽകിയതാണ് എന്നുള്ള വിവരങ്ങൾ ലഭ്യമല്ല.
5. 2018-19 വർഷത്തിൽ വസ്തു നികുതിയിനത്തിൽ 22,25,155 രൂപ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിലെ സംഗ്രഹം അടിസ്ഥാനമാക്കിയാണ് വരുമാനം രേഖപ്പെടുത്തിയത്. എന്നാൽ വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള 2018-19 ലെ കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ടിൽ വസ്തുനികുതി പിരിവിൽ 34,152 രൂപയുടെ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതായി കാണുന്നു. ഇതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, അഡ്ജസ്റ്റ്മെന്റ് നടത്താനുള്ള അനുമതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
6. കുടിശ്ശിക വസ്തു നികുതിയുടെ മുന്നിരിപ്പ്, പിരിവ്, ബാക്കി എന്നിവ സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. വ്യത്യാസത്തിന് വിശദീകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല.

# 1-13 തനത് വരുമാനം

| വർഷം | ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | | ശതമാനം | |
|---|---|---|---|---|---|---|---|
| | | 2017-18 | 2018-19 | (+) | (-) | (+) | (-) |
| 2018-19 | നികുതി വരവുകൾ | 41,67,220 | 36,56,607 | - | 5,10,613 | - | - |
| | നികുതിയേതര വരവുകൾ | 9,41,064 | 9,66,626 | 25,562 | - | - | - |
| | മറ്റുവരവുകൾ | - | - | - | - | - | - |
| | **ആകെ** | **51,08,284** | **46,23,233** | - | **4,85,051** | - | - |

# 1-14 രജിസ്റ്റേർഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്റ്റ് നം.168/19

അടങ്കൽ - 1,00,000/- രൂപ – പ്ലാൻ ജനറൽ

ചെലവ് - 93,309/- രൂപ

ബിൽ നം.03/2018-19/4.5.2018 – 93,309/- രൂപ

പനത്തടി ഗ്രാമപഞ്ചായത്തിലെ രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. 2017-18 ൽ രൂപീകരിച്ച പദ്ധതി സ്പിൽ ഓവർ ആയി 2018-19 ൽ നടപ്പിലാക്കുകയാണ് ചെയ്തത്. ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും 2.1.2018 ൽ ടി.ബി.എസ് പബ്ളിഷേർസ്, കോഴിക്കോട് സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ഭരണസമിതി തീരുമാനം നം.16(2)/ തിയ്യതി.15.1.2018. 20.2.2018 ൽ സപ്ലൈ ഓർഡർ നൽകി. ബിൽ നം.1718/ജി.എൽ.ആർ-308/ തിയ്യതി.22.3.2018 പ്രകാരം 23 സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. ഇവ താഴെപ്പറയും പ്രകാരം ഗ്രാമപഞ്ചായത്തിലെ 23 രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് നൽകി.

| ക്രമ നം. | രജിസ്റ്റേർഡ് ക്ലബ്ബിന്റെ പേര് | സ്പോർട്സ് കിറ്റ് |
|---|---|---|
| 1 | എം.വി.എസ് മാച്ചിപ്പള്ളി | 1 |
| 2 | സഹൃദയ ബളാംതോട് | 1 |
| 3 | സഖാവ് ആർട്സ് &സ്പോർട്സ് ക്ലബ്ബ്, പാണത്തൂർ | 1 |
| 4 | ചാലഞ്ചേഴ്സ് ആർട്സ് &സ്പോർട്സ് ക്ലബ്ബ്, പാണത്തൂർ | 1 |
| 5 | മലർവാടി ആർട്സ് &സ്പോർട്സ് ക്ലബ്ബ്, പാണത്തൂർ | 1 |
| 6 | ചൈതന്യ പ്രാന്തർകാവ് | 1 |
| 7 | ചിത്രാഞ്ചലി ക്ലബ്ബ്, പാടി | 1 |
| 8 | സ്വരാജ് ക്ലബ്ബ്, മുന്തന്റെ മൂല | 1 |
| 9 | ഇത്തിഹാദ് പള്ളിക്കൽ | 1 |
| 10 | യുവശക്തി ചിറങ്കടവ് | 1 |
| 11 | റെഡ് സ്റ്റാർ ആർട്സ് &സ്പോർട്സ് ക്ലബ്ബ്, പനത്തടി | 1 |
| 12 | വിജയ കലാസമിതി ചെറുപനത്തടി | 1 |
| 13 | സെവൻസ് സ്റ്റാർ ചുഴിപ്പ് | 1 |
| 14 | ബ്രദേഴ്സ് ഉമ്പോടി | 1 |

| | | |
|---|---|---|
| 15 | യുവശക്തി ഗ്രന്ഥാലയം ചാമണ്ടിക്കുന്ന് | 1 |
| 16 | ന്യൂ കൈരളി കുറിഞ്ഞി | 1 |
| 17 | മഹാത്മാ പ്രാന്തർ കാവ് | 1 |
| 18 | കല ക്ലബ്ബ് പെരുതടി | 1 |
| 19 | റെഡ് സ്റ്റാർ പുലിക്കടവ് | 1 |
| 20 | സ്വരാജ് ക്ലബ്ബ് ക്ലൂപ്പ് | 1 |
| 21 | റോയൽ ക്ലബ്ബ് പാണത്തൂർ | 1 |
| 22 | സ്പോർട്ടിംഗ് ഗള്ളി സ്റ്റാർസ് ചെറുപനത്തടി | 1 |
| 23 | കുറിഞ്ഞി വികസന സമിതി | 1 |
| | ആകെ | 23 |

രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകാനുള്ളതാണ് പദ്ധതി, മുകളിൽ സൂചിപ്പിച്ച 23 ക്ലബ്ബുകളും 5 മുതൽ 10 വർഷം മുമ്പ് രജിസ്ട്രേഷൻ നടത്തിയ പഴയ സർട്ടിഫിക്കറ്റ് ആണ് ഹാജരാക്കിയിട്ടുള്ളത്. ഈ ക്ലബ്ബുകൾ നിലവിൽ രജിസ്ട്രേഷൻ ഉള്ള ക്ലബ്ബുകളാണോ എന്ന് വ്യക്തമല്ല. അതിനാൽ 2018-19 വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.02/16.01.2020 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 93,309/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-15 എസ്.എസ്.എ വിഹിതം നൽകൽ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം.167/19

അടങ്കൽ - 6,00,000/- രൂപ – വികസന ഫണ്ട് ജനറൽ

ചെലവ് - 6,00,000/- രൂപ

ബിൽ നം.04/2018-19/29.6.2018 – 6,00,000/-രൂപ

സർവ്വ ശിക്ഷ അഭിയാൻ പ്രൊജക്ട് ഓഫീസറുടെ കത്ത് നം.ബി-1-786/17-18, തിയ്യതി 31.1.2018 പ്രകാരം ഗ്രാമപഞ്ചായത്തുകൾ എസ്.എസ്.എ വിഹിതം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് ബിൽ നം.04/2018-19/29.6.2018പ്രകാരം 6,00,000/-രൂപ ട്രഷറിയിൽ നിന്ന് മാറുകയും സർവ്വ ശിക്ഷ അഭിയാൻ പ്രൊജക്ട് ഓഫീസറുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തു. (അക്കൗണ്ട് നം.0726101112375, കാനറാ ബാങ്ക്, കാസറഗോഡ്). ഈ തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.08/16.01.2020 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 6,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-16 ഗോത്രസാരഥി പദ്ധതിക്ക് തുക നൽകൽ - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം.33/19

അടങ്കൽ - 5,00,000/- രൂപ – വികസന ഫണ്ട് ജനറൽ

ചെലവ് - 5,00,000/- രൂപ

പനത്തടി ഗ്രാമപഞ്ചായത്തിലെ 8 ഗവൺമെന്റ് സ്കൂളുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തി സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് തടഞ്ഞ് വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിക്കുകയും വിവിധ വാഹന ഉടമകൾ ക്വട്ടേഷൻ സമർപ്പിച്ചതിൽ നിന്നും താഴെപ്പറയുന്നവരെ തെരെഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുകയും തുക നൽകുകയും ചെയ്തു.

**1.ബിൽ നം.06/2018-19/24.11.2018 – 2,32,420/- രൂപ**

| ക്രമ നം. | ഉടമ/ഡ്രൈവറുടെ പേര് | വാഹന നമ്പർ | തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | സനിൽ കുമാർ എസ്. | KL-7-Q-927 | 28800 | 40492101012224-KGB |
| 2 | ജയരാജ്.കെ | KL-14-D-4236 | 41600 | 40416100008713-KGB |
| 3 | മനോജ്.വി.എൻ | ലഭ്യമല്ല | 27200 | 10800100128900-FED.B |
| 4 | ഷിബിൻ ബേബി | ലഭ്യമല്ല | 6800 | 520101252259655-CORP.B |
| 5 | സുനിൽ കുമാർ.എം | KL-60-N-182 | 25500 | 20358790116<br>SBI |
| 6 | ജിയോ ആന്റണി | KL-60-J-3157 | 12920 | 40492100007267-KGB |
| 7 | വിനോദ്.സി.വി | KL-14-D1891 | 32000 | 40492101014611-KGB |
| 8 | ചന്ദ്രബോസ്.കെ | KL-14-A-8118 | 28800 | 99980101633902-FED.B |
| 9 | വിനോദ്.പി.കെ | KL-8-G-7183 | 28800 | 30841140131<br>SBI |
| | | ആകെ | 2,32,420 | |

**2.ബിൽ നം.10/2018-19/28.1.2019 – 2,38,220/- രൂപ**

| ക്രമ നം. | ഉടമ/ഡ്രൈവറുടെ പേര് | വാഹന നമ്പർ | തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | സനിൽ കുമാർ എസ്. | KL-7-Q-927 | 27000 | 40492101012224-KGB |

| | | | | |
|---|---|---|---|---|
| 2 | ജയരാജ്.കെ | KL-14-D-4236 | 39000 | 40416100008713-KGB |
| 3 | മനോജ്.വി.എൻ | ലഭ്യമല്ല | 24000 | 10800100128900-FED.B |
| 4 | ഷിബിൻ ബേബി | ലഭ്യമല്ല | 6000 | 520101252259655-CORP.B |
| 5 | സുനിൽ കുമാർ.എം | KL-60-N-182 | 22500 | 20358790116 – SBI |
| 6 | ജിയോ ആന്റണി | KL-60-J-3157 | 11400 | 40492100007267-KGB |
| 7 | വിനോദ്.സി.വി | KL-14-D1891 | 30000 | 40492101014611-KGB |
| 8 | ചന്ദ്രബോസ്.കെ | KL-14-A-8118 | 27000 | 99980101633902-FED.B |
| 9 | വിനോദ്.പി.കെ | KL-8-G-7183 | 27000 | 30841140131 – SBI |
| 10 | ഉണ്ണി.എം | KL-60-C-5961 | 24320 | 15037120042172-DCB KSD |
| | | ആകെ | 2,38,220/- | |

**3.ബിൽ നം.12/2018-19/23.3.2019 – 29,360/- രൂപ**

| ക്രമ നം. | ഉടമ/ഡ്രൈവറുടെ പേര് | വാഹന നമ്പർ | തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | ജയരാജ്.കെ | KL-14-D-4236 | 29360 | 40416100008713<br>KGB |
| | | ആകെ | 29,360/- | |

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1. ഈ പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിച്ചത്, ടാബുലേഷൻ പത്രിക, ഭരണസമിതി അംഗീകാരം നൽകിയത് സംബന്ധമായ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. മനോജ്.വി.എൻ, ഷിബിൻ ബേബി എന്നിവർക്ക് തുക നൽകിയിട്ടുണ്ട്. ഇവർ ഉപയോഗിച്ച വാഹനം സംബന്ധിച്ച ഒരു രേഖയും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. ബാക്കിയുള്ളവർ ഉപയോഗിച്ച വാഹനത്തിന്റെ നമ്പർ ഫയലിൽ ഉണ്ട്. അതിൽ വിനോദ്.സി.വി, ചന്ദ്രബോസ്.കെ, വിനോദ്.പി.കെ എന്നിവരുടെ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ്, ഇൻഷ്വറൻസ് എന്നിവയുടെ പകർപ്പ് പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. ബാക്കി വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ്, ഇൻഷ്വറൻസ് എന്നിവ സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4. ആകെ 10 വാഹനങ്ങളാണ് ഉപയോഗിച്ചത്. വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് പ്രകാരമാണ് തുക നൽകേണ്ടത്. ട്രിപ്പ് ഷീറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
5. 9 വാഹനങ്ങളുടെ ഡ്രൈവർമാരുമായി കരാർ ഒപ്പ് വെച്ചിട്ടുണ്ട്. ഷിബിൻ ബേബി എന്നവരുമായി ഒപ്പിട്ട കരാർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.03/16.01.2020 പ്രകാരം മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 5,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-17 8-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികവർഗ്ഗ

# വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം.175/19

അടങ്കൽ - 6,00,000/- രൂപ – വികസന ഫണ്ട് ജനറൽ

ചെലവ് - 4,25,516/- രൂപ

ബിൽ നം.05/2018-19/3.7.2018 – 4,25,516/- രൂപ

പനത്തടി ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ 8-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. 2017-18 ആരംഭിച്ച ഈ പദ്ധതി സ്പിൽ ഓവർ ആയി ഈ വർഷം നടപ്പിലാക്കുകയാണ് ചെയ്തത്. ഇതിനായി ഇ-ടെണ്ടർ വഴി ടെണ്ടർ ക്ഷണിക്കുകയും ഹീര ട്രേഡിംഗ് കമ്പനി കാഞ്ഞങ്ങാടിന്റെ താഴെപ്പറയും പ്രകാരമുള്ള ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.

1. HERO MIG 26 SS- BOYS – 4342/- രൂപ
2. HERO MISS INDIA VELVET 26 – 4342/- രൂപ

ആകെ 98 സൈക്കിളുകൾ വിതരണം ചെയ്യുകയും നം.HR-1385/24.7.2018 പ്രകാരം ആകെ 4,25,516/- രൂപയുടെ ഇൻവോയ്സ് സമർപ്പിക്കുകയും ചെയ്തു. ബിൽ നം.05/2018-19/3.7.2018 പ്രകാരം ആകെ 4,25,516/- രൂപ ഹീര ട്രേഡിംഗ് കമ്പനി കാഞ്ഞങ്ങാടിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.6027338694.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1. ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭിച്ച ടെണ്ടറുകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കറണ്ട് ബുക്സ് കോട്ടയം സമർപ്പിച്ച ഒരു ടെണ്ടർ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്, ഹീര ട്രേഡിംഗ് കമ്പനിയുടെതടക്കം ലഭിച്ച ടെണ്ടറുകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. ടെണ്ടറുകളുടെ ടാബുലേഷൻ പത്രിക, പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. 14.8.2017 ലെ ഭരണസമിതി തീരുമാനം നം.5(24) പ്രകാരം 98 പേരുടെ ഗുണഭോക്തൃപട്ടിക അംഗീകരിച്ചിട്ടുണ്ട്. ഈ പട്ടികയിൽ നിന്ന് 5 പേരെ ഒഴിവാക്കി പുതുതായി 5 പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ 5 പേർ അംഗീകൃത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തവരാണ്.

    1. ദിവ്യ.എ – GHS ചാമണ്ടിക്കുന്ന്
    2. അഭിൻ.കെ - GWHS പാണത്തൂർ
    3. മിഥുൻ മോഹനൻ - GWHS പാണത്തൂർ
    4. അനർഘ.എ.എൽ - GHSS ബളാംതോട്
    5. തുഷാര.ജി - GHSS ബളാംതോട്

വിതരണം ചെയ്ത രശീത് പരിശോധന നടത്തിയപ്പോൾ 97 പേരുടെ രശീത് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ, 1 സൈക്കിൾ വിതരണം ചെയ്യാൻ ബാക്കിയുണ്ട്. സൈക്കിൾ എവിടെ സൂക്ഷിച്ചു എന്ന് വിശദമാക്കിയിട്ടില്ല.

4. സ്കൂൾ ഹെഡ് മാസ്റ്ററുടെ സാക്ഷ്യപത്രം അനുസരിച്ചാണ് സൈക്കിൾ വിതരണം നടത്തിയിരിക്കുന്നത്. വിദ്യാർത്ഥികളുടെ ആധാർ, റേഷൻ കാർഡ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആധാർ, റേഷൻ കാർഡ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചാൽ മാത്രമെ വിദ്യാർത്ഥി ഈ ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ എന്ന് ഉറപ്പ് വരുത്താൻ പറ്റൂ.

ഓഡിറ്റ് എൻക്വയറി നം.04/16.01.2020 പ്രകാരം മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 4,25,516/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

# 1-18 വൈദ്യുതി ലൈൻ നീട്ടൽ പദ്ധതി -മുഴുവൻ പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.278/19

അടങ്കൽ - 1,08,409/- രൂപ – പ്ലാൻ ജനറൽ

ചെലവ് - 1,08,409/- രൂപ

ബിൽ നം.18/2018-19/25.10.2018 – 1,08,409/- രൂപ

പനത്തടി ഗ്രാമപഞ്ചായത്തിലെ തുമ്പോടി, കല്ലപ്പള്ളി, കമ്മാടി എന്നീ അംഗൻവാടികൾ, പുലിക്കടവ് വ്യവസായ കേന്ദ്രം എന്നിവിടങ്ങളിലേക്ക് വൈദ്യുതി ലൈൻ നീട്ടാനുള്ളതാണ് ഈ പദ്ധതി. 16.10.2018 തിയ്യതിയിൽ അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി വകുപ്പ്, ബളാംതോട് സെക്ഷൻ സമർപ്പിച്ച ഡിമാന്റ് നോട്ടീസ് പ്രകാരം ആകെ 1,08,409/- രൂപ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപം നടത്തി. അക്കൗണ്ട് നം.47023170000095. 7.1.2018 അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി വകുപ്പ്, ബളാംതോട് സെക്ഷന്റെ 7.1.2020 ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം തുമ്പോടി, കല്ലപ്പള്ളി, കമ്മാടി എന്നീ അംഗൻവാടികളിലേക്കുള്ള വൈദ്യുതി ലൈൻ നീട്ടാനുള്ള പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. പുലിക്കടവ് വ്യവസായ കേന്ദ്രത്തിലേക്ക് വൈദ്യുതി ലൈൻ നീട്ടാനുള്ള പ്രവർത്തി പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. ഓഡിറ്റ് എൻക്വയറി നം.09/16.01.2020 പ്രകാരം പ്രവർത്തി പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് 17.1.2020 ൽ മറുപടി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമെന്നാണ് മറുപടി നൽകിയിരിക്കുന്നത്. എത്രയും പെട്ടെന്ന് നടപടി സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 ഗ്രാമപഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.171/19

അടങ്കൽ - 40,57,200/- രൂപ – പ്ലാൻ ജനറൽ

ചെലവ് - 2,24,500/- രൂപ

ഗ്രാമപഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി ഓഫീസിലേക്ക് ആകെ 3 കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

<u>വൗച്ചർ നം.21800370/17.8.18 – 49,500/- രൂപ</u>

വൺ സീറോ കമ്പ്യൂട്ടേഴ്സ് കാഞ്ഞങ്ങാടിന്റെ ഇൻവോയ്സ് നം.OZ/00709/dt.17.7.2018 പ്രകാരം എച്ച്.പി കമ്പനിയുടെ ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. മേൽ വൗച്ചർ പ്രകാരം ആകെ 49,500/- രൂപ നൽകിയിട്ടുണ്ട്.

<u>വൗച്ചർ നം.21800462/7.9.18 - 94,000/- രൂപ</u>

വൺ-ടു-വൺ ടെലികോം കാഞ്ഞങ്ങാടിന്റെ ഇൻവോയ്സ് നം.205/6.9.2018 പ്രകാരം ഏസർ കമ്പനിയുടെ 2 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. മേൽ വൗച്ചർ പ്രകാരം ആകെ 94,000/- രൂപ(47000x2) നൽകിയിട്ടുണ്ട്.

3 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയത് പ്രകാരം ആകെ ചെലവ് 1,75,000/ രൂപയാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രിക പ്രകാരം ചെലവ് കാണിച്ചിരിക്കുന്നത് 2,24,500/- രൂപയാണ്. ഓഡിറ്റ് എൻക്വയറി നം.10/17.01.2020 പ്രകാരം ഈ അപാകതകക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് 17.1.2020 ൽ മറുപടി നൽകിയിട്ടുണ്ട്. സാംഖ്യ സോഫ്റ്റ് വേറുമായി ബന്ധപ്പെട്ട് സംഭവിച്ച അപാകതയാണ്, ഐ.കെ.എം മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്നാണ് മറുപടി നൽകിയിരിക്കുന്നത്. എത്രയും പെട്ടെന്ന് അപാകത പരിഹരിക്കാൻ നടപടി സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 ഹരിത കേരളം പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.280/19

അടങ്കൽ - 30,000/- രൂപ – പ്ലാൻ ജനറൽ

ചെലവ് - 28,391/- രൂപ

വൗച്ചർ നം.21800503/11.10.2018 – 28,931/-

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പേപ്പർ വാഴയില, പേപ്പർ ഗ്ലാസ്സ് എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതിന് സ്റ്റീൽ പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ്സ് എന്നിവ വാങ്ങിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ നടക്കുന്ന വിവിധ ചടങ്ങുകൾക്ക് ചെറിയ വാടക നിശ്ചയിച്ച് വിതരണം ചെയ്യാനുള്ളതാണ് ഈ പദ്ധതി. ഇതിനായി നം.എസ്.സി.1/4510/19/തിയ്യതി-5.102018 പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും മണി വെസ്സൽ പാലസ് സമർപ്പിച്ച 28,931/- രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. ഇൻവോയ്സ് നം.1367/9.10.2018 പ്രകാരം 200 സ്റ്റീൽ പ്ലേറ്റ്, 250 സ്റ്റീൽ ഗ്ലാസ്സ് എന്നിവ വിതരണം ചെയ്തത് സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്. വൗച്ചർ നം.21800503/11.10.2018

പ്രകാരം 28,931/-രൂപ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം.520101029773462. പദ്ധതി വിഭാവനം ചെയ്തത് പോലെ ഗ്രാമപഞ്ചായത്ത് പരിധിയിൽ നടക്കുന്ന വിവിധ ചടങ്ങുകൾക്ക് ചെറിയ വാടക നിശ്ചയിച്ച് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.11/17.01.2020 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് 17.1.2020 ൽ മറുപടി നൽകിയിട്ടുണ്ട്. വാടക നിശ്ചയിച്ച് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമെന്നാണ് മറുപടി നൽകിയിരിക്കുന്നത്. എത്രയും പെട്ടെന്ന് നടപടി സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 കവുങ്ങിന് ജൈവവളം പദ്ധതി- പട്ടികവർഗ്ഗം - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രൊജക്ട് നം.92/19

അടങ്കൽ - 2,00,000/- രൂപ – ടി.എസ്.പി

ചെലവ് - 2,00,000/- രൂപ

ബിൽ നം.02/2018-19/24.9.2018 – 1,04,100/-രൂപ

ബിൽ നം.09/2018-19/13.11.2018 – 95,900/-രൂപ

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കവുങ്ങ് കർഷകർക്ക് ജൈവവളം വാങ്ങുന്നതിന് സബ്സിഡി നൽകാനുള്ളതാണ് ഈ പദ്ധതി. ആകെ 47 പേർക്ക് ഈ പദ്ധതി പ്രകാരം ജൈവവളം വാങ്ങുന്നതിന് സബ്സിഡി നൽകിയിട്ടുണ്ട്. ഈ 47 പേരിൽ ബിൽ നം.09/2018-19/13.11.2018 പ്രകാരം മാറിയ 95,900/-രൂപ 25 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന 2 ഗുണഭോക്താക്കൾ ഒരേ വീട്ടിൽ താമസിക്കുന്ന അച്ഛനും മകനുമാണ്. കാരണം അവരുടെ വാർഡ് നമ്പർ, വീട്ട് നമ്പർ, റേഷൻ കാർഡ് നമ്പർ, അഡ്രസ്സ് എന്നിവ അപേക്ഷ പ്രകാരം ഒന്നു തന്നെയാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് അഡ്രസ്സ് | വാർഡ് നമ്പർ, വീട്ട് നമ്പർ, റേഷൻ കാർഡ് നമ്പർ | അനുവദിച്ച തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | ചന്ദ്രൻ.ടി<br>s/o അണ്ണ നായിക്, കിഴക്കേതുമ്പോടി<br>ചാമണ്ടിക്കുന്ന് (പിഒ | വാർഡ് നമ്പർ - 3<br>വീട്ട് നമ്പർ - 405<br>റേഷൻ കാർഡ് നമ്പർ-<br>2480017354 | 3950/-<br>രൂപ | 40492100011727 |
| 2 | ജഗദീഷ്.ടി<br>s/oചന്ദ്രൻ.ടി<br>s/o അണ്ണ നായിക്, കിഴക്കേതുമ്പോടി<br>ചാമണ്ടിക്കുന്ന് (പിഒ) | വാർഡ് നമ്പർ - 3<br>വീട്ട് നമ്പർ - 405<br>റേഷൻ കാർഡ് നമ്പർ-<br>2480017354 | 3950/-<br>രൂപ | 40492101026856 |

ഒരേ വീട്ടിൽ താമസിക്കുന്ന അച്ഛനും മകനും ഒരേ പദ്ധതിയിൽ സബ്സിഡി ആനുകൂല്യം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ അപാകതയ്ക്ക് ഓഡിറ്റ് ഓഡിറ്റ് എൻക്വയറി നം.07/16.01.2020 വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ജഗദീഷ്.ടി, s/oചന്ദ്രൻ.ടി എന്നവർക്ക് സബ്സിഡി ഇനത്തിൽ അനുവദിച്ച 3950/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു, ഈ തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-22 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് -സംയുക്തമായി പരിശോധന നടത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2018-19 ൽ 1,84,089/ കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്ര എണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല. കത്താത്ത തെരുവ് വിളക്കുകൾക്ക് കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടില്ല.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ പനത്തടി ഗ്രാമ പഞ്ചായത്തിൽ ദുരിദാശ്വാസ നിധി നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ ദുരിതാശ്വാസ നിധി എത്രയും പെട്ടന്ന് രൂപീകരിക്കേണ്ടതാണ്.

# 1-24 മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

29.01.2018ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 11/2018/തസ്വഭവ പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവരടങ്ങിയ സമിതിയാണ് പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് വിവിധ മേഖലകളിൽ തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ലഭ്യമായ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽനിന്നും പദ്ധതികളുടെ മോണിറ്ററിംഗ് സമ്പന്ധിച്ച തീരുമാനങ്ങളൊ ചർച്ചയൊ നടന്നതിന്റെ വിവരങ്ങളില്ല. മേൽ ഉത്തരവ് പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി വരും വർഷങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെ കൃത്യമായ വിലയിരുത്തലിനും മോണിറ്ററിംഗും നടത്തേണ്ടതാണ്.

## 1-25 ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തുന്നില്ല.

വാർഷിക കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ പൊതു ടാപ്പുകൾക്ക് 1,64,519/-രൂപ വെള്ളക്കരമായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ, പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പൊ തു ടാപ്പുകളുടെ പ്രവർത്തന ക്ഷമത വിലയിരുത്തിയിട്ടില്ല. ആയതുകൊണ്ടു തന്നെ ഉപയോഗിക്കുന്ന ജലത്തിന് തന്നെയാണ് ചാർജ്ജ് ഒടുക്കുന്നതെന്ന് അധികൃതർക്ക് ഉറപ്പു വരുത്തുന്നതിന് സാധിക്കുന്നില്ല. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും സംരക്ഷണവുമായി ബന്ധപ്പെട്ട് 30/05/2009 ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1275/2009 നമ്പരായ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പഞ്ചായത്ത് അധികൃതർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ജാഗ്രതാ സമിതി രൂപീകരിണ്ടതാണ്.

ഗ്രാമ പഞ്ചായത്തുകളിൽ Go (MS) N0.31/07/SWD Dt.2007 പ്രകാരം ജാഗ്രതാ സമിതി രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ജാഗ്രതാ സമിതി നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ എത്രയും പെട്ടന്ന് ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, പ്രസിഡന്റ്, സി .ഐ /എസ്.ഐ, വനിതാ പഞ്ചായത്ത് മെമ്പർ, ഒരു വനിതാ അഡ്വക്കേറ്റ്, എസ്.സി./എസ്.ടി.വനിതാ സാമൂഹ്യ പ്രതിനിധി ഉൾപ്പെടെയുള്ള സമിതി രൂപീകരിക്കേണ്ടതാണ്.

## 1-27 റോഡ് പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ചെയിനേജുകൾ മറി കടന്ന് പ്രവൃത്തി നിർവഹിക്കുന്നു

2018-19 വർഷം നിർവഹണം നടത്തിയ ചില റോഡ് ടാറിംഗ്/റിപ്പയർ പ്രവൃത്തികളിൽ എസ്റ്റിമേറ്റുകൾ പ്രകാരമുള്ള ചെയിനേജുകളിലല്ലാതെ മറ്റു ചെയിനേജുകളിൽ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളതായി കാണുന്നു.

ഉദാഹരണം-

1. പ്രോജക്റ്റ് നം 242/18-18- കാപ്പിത്തോട്ടം ഗഡിക്കാൽ റോഡ് കോൺക്രീറ്റ്

ഫണ്ട്- 9,46,000 (വികസന ഫണ്ട്- ടി.എസ്.പി)

ചെലവ്- 7,88,439 (ബിൽ നം 53, തിയതി- 21.12.2018)

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം (എസ്റ്റിമേറ്റ് നം.2017/90596, ടി.എസ്. നം. 67544/2017-18, 27.08.2017), 1/570 മുതൽ 1/844 വരെയുള്ള ചെയിനേജിലാണ് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിനൊപ്പം പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സൈറ്റ് പ്ലാൻ 1/570 മുതൽ 1/844 വരെയുള്ള ചെയിനേജിൽ തന്നെയാണ് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്.

എന്നാൽ എസ്റ്റിമേറ്റിലെ ഇനം 1 പ്രകാരം 386.401cum സാധാരണ പാറ കിളക്കുന്നതിന് 1,19,749.53 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ മൺപണിക്കായി ലെവൽ അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ലെവൽ അളവിന്റെ രേഖകൾ പരിശോധിച്ചതിൽ 0/00 മുതൽ 0/274 വരെയുള്ള ചെയിനേജിലാണ് ലെവൽ അളവുകൾ എടുത്തിട്ടുള്ളത് എന്ന് കാണുന്നു. കൂടാതെ, ഈ പ്രവൃത്തിയുടെ എം.ബുക്ക് നം 123/17-18 ലെ

പേജ് 8 പ്രകാരം അപ്പന്റിക്സ് ബി യിലെ ഇനം 1 ആയ വെറ്റ് മിക്സിന്റെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് 0/00 മുതൽ 0/020 എന്ന ചെയിനേജിൽ ആണ്.

എസ്റ്റിമേറ്റ് പ്രകാരമുള്ള ചെയിനേജിൽ അല്ല പ്രവൃത്തികൾ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഇതു സംബന്ധിച്ച് ഫയലിൽ വിശദീകരണങ്ങൾ ഒന്നും തന്നെയില്ല.

2. പ്രോജക്ട് നം 59/19- കാപ്പിത്തോട്ടം ഗഡിക്കാൽ റോഡ് കോൺക്രീറ്റ്

ഫണ്ട്- 5,27,080 (വികസന ഫണ്ട്- ടി.എസ്.പി)

ചെലവ്- 5,27,079 (ബിൽ നം 58, തിയതി- 31.12.2018)

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം (എസ്റ്റിമേറ്റ് നം.2018/96279, ടി.എസ്. നം. 61894/2018-19, 03.07.2018), 1/850മുതൽ 2/022 വരെയുള്ള ചെയിനേജിലാണ് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിനൊപ്പം പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സൈറ്റ് പ്ലാൻ പ്രകാരവും 1/850മുതൽ 2/022 വരെയുള്ള ചെയിനേജിൽ തന്നെയാണ് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്.

എന്നാൽ, ഈ പ്രവൃത്തിയുടെ എം.ബുക്ക് നം 4/18-19 ലെ പേജ് 4, 8, 11 പ്രകാരം വിവിധ പ്രവൃത്തികൾ ചെയ്തിരിക്കുന്നത് 0/264 മുതൽ 0/436.4 എന്ന ചെയിനേജിൽ ആണ്.

എസ്റ്റിമേറ്റ് പ്രകാരമുള്ള ചെയിനേജിൽ അല്ല പ്രവൃത്തികൾ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഇതു സംബന്ധിച്ച് ഫയലിൽ വിശദീകരണങ്ങൾ ഒന്നും തന്നെയില്ല.

3. പ്രോജക്ട് നം 206/19- ചെറുപനത്തടി കടമല ചെമ്പംവയൽ റോഡ് ടാറിംഗ്

ഫണ്ട്- 9,49,376 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 9,34,519 (ബിൽ നം 17, തിയതി- 19.05.2018)

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം (എസ്റ്റിമേറ്റ് നം.2017/59309, ടി.എസ്. നം. 64144/2017-18, 17.08.2017), 3/185നും 1/605 നും ഇടയിലുള്ള 420 മീറ്റർ ചെയിനേജിലാണ് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിനൊപ്പം പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സൈറ്റ് പ്ലാൻ പ്രകാരവും 3/185നും 1/605 നും ഇടയിലുള്ള 420 മീറ്റർചെയിനേജിൽ തന്നെയാണ് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്.

എന്നാൽ, ഈ പ്രവൃത്തിയുടെ എം.ബുക്ക് നം 82/17-18 ലെ പേജ് 1 പ്രകാരം ഇനം 1 ലെ പ്രവൃത്തികൾ 0/00 മുതൽ 0/113, 0/122 മുതൽ 0/422 എന്നീ ചെയിനേജുകളിൽ ആണ് ചെയ്തിരിക്കുന്നത്. ഇനം 2 ലെ പ്രവൃത്തി 3/298 മുതൽ 3/307 എന്ന ചെയിനേജിലും ബാക്കി പ്രവൃത്തികൾ 3/185 മുതൽ 3/607 വരെയുള്ള ചെയിനേജുകളിലുമാണ് നടത്തിയിട്ടുള്ളത്.

എസ്റ്റിമേറ്റ് പ്രകാരമുള്ള ചെയിനേജിൽ അല്ല പ്രവൃത്തികൾ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഇതു സംബന്ധിച്ച് ഫയലിൽ വിശദീകരണങ്ങൾ ഒന്നും തന്നെയില്ല.

എസ്റ്റിമേറ്റുകൾ പ്രകാരമുള്ള ചെയിനേജുകൾ മറി കടന്നു കൊണ്ട് പ്രവൃത്തികൾ നിർവഹിച്ചതിന് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം 14, തിയതി 17.01.2020). മേൽ പ്രവൃത്തികൾ പരിശോധിച്ച് വിശദമായ മറുപടി ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-28 ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ കരാറുകാർ അടക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ ബിഡ് സമർപ്പണ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് തയ്യാറാക്കി, ലഭിക്കാനുള്ള തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇടെണ്ടർ നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ ഐ.ഡി കൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ടെണ്ടർ ഐ.ഡി. |
|---|---|
| 1 | 2019_LSGD_270697_1 |
| 2 | 2019_LSGD_273017_1 |
| 3 | 2019_LSGD_273004_1 |
| 4 | 2019_LSGD_272985_1 |
| 5 | 2018_LSGD_229439_1 |
| 6 | 2018_LSGD_229431_1 |
| 7 | 2018_LSGD_229426_1 |
| 8 | 2018_LSGD_229414_1 |
| 9 | 2018_LSGD_214170_2 |
| 10 | 2018_LSGD_214168_2 |
| 11 | 2018_LSGD_214165_2 |
| 12 | 2018_LSGD_214164_2 |
| 13 | 2018_LSGD_214142_2 |
| 14 | 2018_LSGD_214138_2 |
| 15 | 2018_LSGD_214135_2 |
| 16 | 2018_LSGD_214134_2 |
| 17 | 2018_LSGD_214131_2 |
| 18 | 2018_LSGD_214126_2 |
| 19 | 2018_LSGD_214124_2 |
| 20 | 2018_LSGD_214121_2 |
| 21 | 2018_LSGD_214095_2 |

| | |
|---|---|
| 22 | 2018_LSGD_214093_2 |
| 23 | 2018_LSGD_214092_2 |
| 24 | 2018_LSGD_214090_2 |
| 25 | 2018_LSGD_214087_2 |
| 26 | 2019_LSGD_259645_1 |
| 27 | 2019_LSGD_259634_1 |
| 28 | 2019_LSGD_251870_1 |
| 29 | 2018_LSGD_240831_1 |
| 30 | 2018_LSGD_240730_1 |
| 31 | 2018_LSGD_240711_1 |
| 32 | 2018_LSGD_240703_1 |
| 33 | 2018_LSGD_240692_1 |
| 34 | 2018_LSGD_229439_1 |
| 35 | 2018_LSGD_229414_1 |
| 36 | 2018_LSGD_214170_1 |
| 37 | 2018_LSGD_214168_1 |
| 38 | 2018_LSGD_214165_1 |
| 39 | 2018_LSGD_214164_1 |
| 40 | 2018_LSGD_214162_1 |
| 41 | 2018_LSGD_214142_1 |
| 42 | 2018_LSGD_214138_1 |
| 43 | 2018_LSGD_214135_1 |
| 44 | 2018_LSGD_214134_1 |
| 45 | 2018_LSGD_214131_1 |
| 46 | 2018_LSGD_214126_1 |
| 47 | 2018_LSGD_214124_1 |
| 48 | 2018_LSGD_214121_1 |
| 49 | 2018_LSGD_214095_1 |
| 50 | 2018_LSGD_214093_1 |
| 51 | 2018_LSGD_214092_1 |
| 52 | 2018_LSGD_214090_1 |
| 53 | 2018_LSGD_214087_1 |

## 1-29 ഇ-ടെണ്ടർ- ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

2018-19 വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ 53 എണ്ണം ഇ-ടെണ്ടർ മുഖേനയാണ് നടത്തിയത്. എന്നാൽ ഇ-ടെണ്ടർ വെബ്സൈറ്റിൽ (etenders.kerala.gov.in) ഇതിൽ ചില ടെണ്ടറുകളുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതായി കാണുന്നില്ല. ഇ-ടെണ്ടറുകൾ, വെബ്സൈറ്റിൽ ബിഡ് ഓപ്പണിങ്ങ്, ടെക്നിക്കൽ ഇവാല്യേവഷൻ, ഫിനാൻഷ്യൽ ഇവാല്യേഷൻ, അവാർഡ് ഓഫ് കോൺട്രാക്ട് എന്നീ നടപടിക്രമങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടത്തിയ ഇ-ടെണ്ടറുകൾ മിക്കതും ബിഡ് ഓപ്പണിങ്ങ് ഘട്ടം മാത്രമേ പിന്നിട്ടിട്ടുള്ളൂ. ടെണ്ടറുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 2019_LSGD_270697_1 | Evaluation |
| 2 | 2018_LSGD_229439_1 | To be opened |
| 3 | 2018_LSGD_229431_1 | Bid opening |
| 4 | 2018_LSGD_229426_1 | Bid opening |
| 5 | 2018_LSGD_229414_1 | Bid opening |
| 6 | 2018_LSGD_214168_2 | Bid opening |
| 7 | 2018_LSGD_214164_2 | Bid opening |
| 8 | 2018_LSGD_214142_2 | Bid opening |
| 9 | 2018_LSGD_214138_2 | Bid opening |
| 10 | 2018_LSGD_214134_2 | Bid opening |
| 11 | 2018_LSGD_214095_2 | Bid opening |
| 12 | 2018_LSGD_214090_2 | Bid opening |
| 13 | 2018_LSGD_214087_2 | Bid opening |
| 14 | 2019_LSGD_259634_1 | Bid opening |
| 15 | 2019_LSGD_251870_1 | Bid opening |
| 16 | 2018_LSGD_240831_1 | Evaluation |
| 17 | 2018_LSGD_240730_1 | Evaluation |
| 18 | 2018_LSGD_240711_1 | Evaluation |
| 19 | 2018_LSGD_240703_1 | To be opened |
| 20 | 2018_LSGD_240692_1 | Evaluation |
| 21 | 2018_LSGD_229439_1 | To be opened |
| 22 | 2018_LSGD_229414_1 | Evaluation |
| 23 | 2018_LSGD_214170_1 | To be opened |
| 24 | 2018_LSGD_214168_1 | Bid opening |
| | | |

| | | |
|---|---|---|
| 25 | 2018_LSGD_214165_1 | To be opened |
| 26 | 2018_LSGD_214164_1 | To be opened |
| 27 | 2018_LSGD_214162_1 | To be opened |
| 28 | 2018_LSGD_214142_1 | To be opened |
| 29 | 2018_LSGD_214138_1 | To be opened |
| 30 | 2018_LSGD_214135_1 | To be opened |
| 31 | 2018_LSGD_214134_1 | To be opened |
| 32 | 2018_LSGD_214131_1 | To be opened |
| 33 | 2018_LSGD_214126_1 | To be opened |
| 34 | 2018_LSGD_214124_1 | To be opened |
| 35 | 2018_LSGD_214121_1 | To be opened |
| 36 | 2018_LSGD_214095_1 | To be opened |
| 37 | 2018_LSGD_214093_1 | To be opened |
| 38 | 2018_LSGD_214092_1 | To be opened |
| 39 | 2018_LSGD_214090_1 | To be opened |
| 40 | 2018_LSGD_214087_1 | To be opened |

മുകളിൽ പരാമർശിച്ചിട്ടുള്ള ഇ-ടെണ്ടറുകളിൽ ഫിനാൻഷ്യൽ ഇവാല്യവേഷൻ, ടെക്നിക്കൽ ഇവാല്വേഷൻ, അവാർഡ് ഓഫ് കോൺട്രാക്ട് എന്നീ നടപടിക്രമങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-30 റോഡ് കണക്ടിവിറ്റി ഭുപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018 ) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

# 1-31 വാഹനം പരിപാലനം

ജി.ഒ (എം. എസ് )170 / 07ത .സ്വ .ഭ .വ 30.6.2007പ്രകാരം ഓരോ വാഹനത്തെയും സംബന്ധിച്ച്

കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകളും, റെക്കാർഡുകളും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. (KL-60 L-9756 Bolero ജീപ്പ്, A/C)

1)ലോഗ് ബുക്ക്

2)പെട്രോൾ ഡീസൽ എന്നിവയുടെ രജിസ്റ്റർ

3) റിപ്പയർ രജിസ്റ്റർ

4)സ്റ്റോക്ക് രജിസ്റ്റർ

5) ഫ്യൂവൽ രജിസ്റ്റർ

എന്നാൽ വാഹനത്തെ സംബന്ധിച്ച ലോഗ്ബുക്ക് മാത്രമേ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളൂ. മറ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാഹനത്തിന്റെ ലോഗ്ബുക്ക്, മൈലേജ് ടെസ്റ്റ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും വാഹനം ഓടിയ ഔദ്യോഗിക യാത്രയുടെ വിവരങ്ങളും ഉദ്ദേശങ്ങളും ലോഗ് ബുക്കിൽ ചേർത്തിട്ടില്ല. 2018 -19 വർഷത്തിൽ എകദേശം 1,75,025/-രൂപയുടെ ഇന്ധനമാണ് വാങ്ങിയത്. വാഹന പരിപാലനയുമായി ബന്ധപ്പെട്ട് സർക്കുലർ നം.41/2008/ധനം 41/08/2008 പ്രകാരമുള്ള സർക്കുലർ പരിപാലിക്കേണ്ടതാണ്.

# 1-32 TR 7 A മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരായ വി.ഇ.ഒ, ഐ.സി.ഡി. എസ് സൂപ്പർവൈസർ എന്നിവർ ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് നിർദ്ദിഷ്ട മാതൃകയിലല്ല. 12.04.2006 ലെ ജി.ഒ(പി) നം. 177/2006/ധന ഉത്തരവ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വരവ്-ചെലവ് വിവരം രേഖപ്പെടുത്തേണ്ടത് TR 7 A മാതൃകയിലുള്ള ക്യാഷ് ബുക്കിലാണ്. സർക്കാർ നിർദ്ദേശം പാലിച്ച് നിർദ്ദിഷ്ട മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-33 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ 25 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് Ozhinhavalappu Kanhangad എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ആകെ 7,765/-കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 5,43,550/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-34 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ - 32/2019
പദ്ധതിയുടെ പേര്: വയോജനങ്ങൾക്ക് കട്ടിൽ വിതരണം

ബില്ല് നമ്പർ - 20/19/19.12.2019 – 3,14,640/-

തൻവർഷം 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ നൽകാനായി നടപ്പിലാക്കിയ പദ്ധതിയാണിത്. അതിനു 3,14,640/- രൂപ മേൽ സൂചനാ ബില്ല് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. 92 ഗുണഭോക്താക്കൾക്കാണ് കട്ടിൽ വാങ്ങി നൽകേണ്ടത്. ബിൽ നം.28/11.12.2018 പ്രകാരം J.K Furniure Kannur സ്ഥാപനത്തിൽനിന്നു 92 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി തുക കൈമാറുകയും ചെയ്തു. (ബാങ്ക് അക്കൗണ്ട് നം.6730000000117), പദ്ധതിയുടെ ഫയൽ പരിശോധനാ വിധേയമാക്കിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

1. പർചെയ്സ് കമ്മിറ്റി, പ്രോക്യൂർമെന്റ കമ്മിറ്റി തീരുമാനങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണനിലവാരം പരിശോധനയ്ക്ക് ഹാജരാക്കിയതിനു രേഖ ലഭ്യമാക്കിയിട്ടില്ല.

2. ലഭിച്ച 92 അപേക്ഷകൾ പരിശോധന നടത്തിയപ്പോൾ 3 പേരുടെ വയസ്സ് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1.ത്രേസിയമ്മ (അപേക്ഷാ നം.47)
2 ഇ.എം. മത്തായി ( അപേക്ഷാ നം.50)
3 കൃഷ്ണൻ നായർ (അപേക്ഷാ നം.64)

3. വയസ്സ് തെളിയിക്കുന്ന രേഖകൾ പ്രകാരം അപേക്ഷാ നം. 54 ശാന്തമ്മ എന്നവർക്ക് 54 വയസ്സാണ്.

4. 91 ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതായുള്ള രശീത് ഹാജരാക്കിയിട്ടുണ്ട്. ഒരു കട്ടിൽ വിതരണം നടത്തിയ രേഖ ലഭ്യമാക്കിയിട്ടില്ല. ഒരു കട്ടിലിന്റെ വില 3,420/- രൂപ ഓഡിറ്റിൽ അംഗീകരിക്കാനാവില്ല.

5. 6 ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ബി.പി.എൽ സാക്ഷ്യപത്രം ഇല്ല.
1)വേലായുധൻ (അപേക്ഷാ നം.2)
2)ഇന്ദിര (അപേക്ഷാ നം.27)
3)ത്രേസിയമ്മ (അപേക്ഷാ നം.47)
4)ഇ.എം. തമ്പായി (അപേക്ഷാ നം.50)
5)കൃഷ്ണൻ നായർ (അപേക്ഷാ നം.64)
6)പാഫൻ (അപേക്ഷാ നം.57)

6.നിരവധി അപേക്ഷാകളിൽ അപേക്ഷകർ ഒപ്പു വച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു
1)പങ്കജാക്ഷിഅമ്മ പാടി (അപേക്ഷാ നം.4)
2)പങ്കജാക്ഷിഅമ്മ മുന്തന്റെമൂല (അപേക്ഷാ നം.10)
3)ദേവകിയമ്മ (അപേക്ഷാ നം.16)
4)ശിവൻകുട്ടി ചെട്ടിയാർ (അപേക്ഷാ നം.19)
5)സുബൈദ (അപേക്ഷാ നം.22)
6)ഹംസ (അപേക്ഷാ നം.24)
7)മീനാക്ഷിയമ്മ (അപേക്ഷാ നം.37)

8)കാർത്ത്യായനി (അപേക്ഷാ നം.43)
9)റോസമ്മ (അപേക്ഷാ നം.44)
10)നാരായണി (അപേക്ഷാ നം.48)
11)മീനാക്ഷിയമ്മ (അപേക്ഷാ നം.53)
12)നാരായണൻ (അപേക്ഷാ നം.54)ക
13)കുട്ടിയമ്മ (അപേക്ഷാ നം.56)
14)കല്യാണിയമ്മ മാച്ചിപ്പള്ളി (അപേക്ഷാ നം.60)
15)കല്യാണിയമ്മ നെല്ലിത്തോട് (അപേക്ഷാ നം.65)
16)ജാനകി (അപേക്ഷാ നം.70)
17)നാരായണി (അപേക്ഷാ നം.71)
18)കുഞ്ഞമ്പു (അപേക്ഷാ നം.73)
19)അന്നമ്മ ലൂക്ക (അപേക്ഷാ നം.74)
20)രാജഗോപാലൻ (അപേക്ഷാ നം.79)
21)ലക്ഷ്മിയമ്മ (അപേക്ഷാ നം.91)
22)ആയിഷ (അപേക്ഷാ നം.93)

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് നൽകിയ കട്ടിലിന്റെ ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.5/2018-19-തിയതി 16.01.2020 നൽകിയെങ്കിലും മറുവടി ലഭ്യമാക്കിയിട്ടില്ല. 27 ഗുണഭോക്താക്കൾക്ക് നൽകിയ കട്ടിലിന്റെ വിലയായ 92,340/-( 27x3,420) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-35 അങ്കണവാടികൾക്ക് അടിസ്ഥന സൗകര്യങ്ങൾ മെച്ചപ്പേടുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ ആകെ 25 അങ്കണവാടികളാണുള്ളത്. ഇവയിൽ 25 എണ്ണത്തിനും സ്വന്തമായി കെട്ടിടവും ടോയ്ലറ്റ് സൗകര്യവും ഉണ്ടെങ്കിലും ചിലതിൽ കുടിവെള്ളം, വൈദ്യുതി, ചുറ്റമതിൽ എന്നിവ ഏർപ്പെടുത്തുവാൻ അവശേഷിക്കുന്നതായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. ഏർപ്പെടുത്തേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് നിർവ്വഹണഉദ്യോഗസ്ഥ ലഭ്യമാക്കിയ വിവരങ്ങൾ ഭരണ സമിതിയുടെ അടിയന്തിരശ്രദ്ധയിലേയ്ക്കായി ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ഇനം | എണ്ണം | സെന്റർ നമ്പർ |
|---|---|---|---|
| 1 | കുടിവെള്ള സൗകര്യമില്ലാത്തവ | 17 | 94, 97, 98, 100, 101, 102, 103, 104, 105, 106, 108, 109, 111, 112, 113, 115, 117 (അടുത്തുള്ള കുടിവെള്ള സ്രോതസ്സുകളെ ആശ്രയിക്കുന്നു.) |
| 3 | സ്വന്തമായി കെട്ടിടമുള്ളവയിൽ ചുറ്റമതിൽ ഇല്ലാത്തവ | 3 | 102,116,117 |
| | ഭാഗികമായി ചുറ്റമതിൽ ഉള്ളവ | 12 | 96, 98, 100, 101, 105, 107, 109, 110, 111, 112, 113, 118 |
| 4 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് | 25 | സെന്റർ നമ്പർ 94 മുതൻ 118 വരെയുള്ള അങ്കണവാടികൾ |

| | | | |
|---|---|---|---|
| | ലഭിക്കാത്തവ | | |
| 5 | ബേബി ടോയിലറ്റ് ഇല്ലാതവ | 25 | സെന്റർ നമ്പർ 94 മുതൻ 118 വരെയുള്ള അങ്കണവാടികൾ |

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുക, അങ്കണവാടികളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുകയും പ്രവേശനോത്സവം സംഘടിപ്പിക്കുകയും ചെയ്യുക മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കുലർ നം.31055/ഡി.സി.2/2011/തസ്വഭവ തീയ്യതി 22.03.2011).മേൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. അൺഫിറ്റായതിനാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടിയിൽ കുട്ടികളെ പഠിപ്പിക്കുന്നത് അപകടം വിളിച്ച് വരുത്തുന്നതിന് തുല്യമാണ്. അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചവയിൽ വയറിങ്ങ് കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്തവയുടെ കാര്യത്തിൽ ആയത് ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും, മറ്റുള്ള അടിസ്ഥാന സൗകര്യങ്ങൾ വരും വർഷങ്ങളിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി അങ്കണവാടികളിൽ അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-36 ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ., പനത്തടി ഗ്രാമപഞ്ചായത്ത് |

മുൻ വർഷം മുതൽ നടപ്പിലാക്കി വരുന്ന ഇ.എം.എസ്. ഭവനനിർമ്മാണം, വിധവ ഭവനനിർമ്മാണം എന്നീ പദ്ധതിയുടെ ഭാഗമായി ധനസഹായം കൈപ്പറ്റിയിട്ടും ഇതുവരെയായും ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താവിന്റെ വിവരം താഴെ കൊടുക്കുന്നു.

**1. ഇ.എം.എസ്. ഭവനനിർമ്മാണം**

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, വിലാസം പ്രോജക്ട് നമ്പർ | പദ്ധതി ആരംഭിച്ച വർഷം | ആകെ കൈപ്പറ്റിയ തുക | ലൈഫ് വർദ്ധനവ് തുക | നല്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | KP. സുരേഷൻ | 2009-10 | ₹52,500 | ₹3,28,000 | ₹3,28,000 |
| | | 2018-19 | 1,00000 | ₹3,28,000 | ₹1,75,500 |

മേൽ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണ പ്രവൃത്തി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ ഇതുവരെ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-37 ഭവന നിർമ്മാണം-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ :വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് പൂർത്തിയാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ധനസഹായം ഉറപ്പാക്കുകയും നിർമ്മാണം അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിന് സഹായം ലഭ്യമാക്കുകയും, അതോടൊപ്പം ഭൂരഹിത ഭവനരഹിത കുടുംബാംഗങ്ങൾക്ക് ഭവന സമുച്ചയങ്ങൾ അടിസ്ഥാന മാക്കിയുള്ള സമഗ്ര പുനരധിവാസ പദ്ധതിയും സ്വന്തം ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങുമാണ് ലൈഫ് മിഷൻ (Lively Inclusion and Financial Empowerment) ലക്ഷ്യമിടുന്നത്.

ഈ ഭവന പദ്ധതി പ്രകാരം പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ആകെ നിർമ്മാണ പ്രവൃത്തി ആരംഭിച്ച 190 ഭവനങ്ങളിൽ 75 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 151/2017/ ത.സ്വ.ഭ.വ. പ്രകാരം, പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച്, തുകയുടെ അവസാന ഗഡു തുക അനുവദിക്കുന്നതിനു മുമ്പ് ഒന്നാം കക്ഷിയായ നിർവ്വഹണ ഉദ്യോഗസ്ഥനും രണ്ടാം കക്ഷിയായ ഗുണഭോക്താവും തമ്മിൽ LF/2138/LIFE 2018 dated.22.02.2019 പ്രകാരമുള്ള കരാറിലേർപ്പെടേണ്ടതാണ്. ഇതിൽ അനുബന്ധം 3 പ്രകാരമുള്ള വ്യവസ്ഥകളിലെ ക്രമനമ്പർ 5 പ്രകാരം, നിർമ്മാണം പൂർത്തിയാക്കിയ ഭവനം യാതൊരു കാരണവശാലും കുറഞ്ഞത് 12 വർഷകാലത്തേക്ക് അനന്തരാവകാശികൾക്കല്ലാതെ മറ്റാർക്കും കൈമാറുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പഞ്ചായത്തിൽ 2018-19 വർഷത്തിൽ ഭവന നിർമ്മാണം അനുവദിച്ച ഗുണഭോക്താക്കൾ, മേൽ പരാമർശിത ഉത്തരവ് പ്രകാരം, നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ടിട്ടില്ല. പൂർത്തികരിക്കാത മുദ്രപത്രമാണ് ഫയലിൽ കാണുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. ഉദാഹരണം.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ആഷ എം ആർ, ജനറൽ വിഭാഗം |
| 2 | പ്രസന്നകുമാരി, ജനറൽ വിഭാഗം |
| 3 | ഹാജിറ, ജനറൽ വിഭാഗം |
| 4 | മിനി ജോസ്, ജനറൽ വിഭാഗം |
| 5 | നിനാജെയിംസ്, ജനറൽ വിഭാഗം |
| 6 | പത്മിനി, ജനറൽ വിഭാഗം |
| 7 | വേണു, (എസ്. ടി.വിഭാഗം) |
| 8 | സരോജിനി (എസ്. ടി.വിഭാഗം) |
| 9 | സുശീല (എസ്. ടി.വിഭാഗം) |
| 10 | ഇന്ദിര (എസ്. ടി.വിഭാഗം) |

സർക്കാർ അനുശാസിക്കുന്ന തരത്തിൽ കരാറിൽ ഏർപ്പെടാതിരുന്നതിനാൽ വ്യവസ്ഥകൾ ലംഘിക്കപ്പെടാവുന്നതിനാൽ ഗുണഭോക്താക്കളുമായി കരാറിലേർപ്പെടേണ്ടതാണ്. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-38 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ നിർമാണ സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- അപാകതകൾ

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പെടുത്തി 2018-19 ൽ ചില റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ ആവശ്യമായ മെറ്റൽ, പൂഴി, സിമന്റ്, മറ്റു സാമഗ്രികൾ എന്നിവ ടെണ്ടർ മുഖേന വാങ്ങുകയും തൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ഉപയോഗപ്പെടുത്തിയുമാണ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>(1) തൊഴിലുറപ്പ് പദ്ധതികൾക്കായി സാമഗ്രികൾ വാങ്ങുന്നതിന് സർക്കാർ നിർദേശിച്ച മാർഗരേഖകൾ പാലിക്കാതെ സമാഹരണം നടത്തുന്നു-</u>**

തൊഴിലുറപ്പ് പദ്ധതികൾക്കായി സാമഗ്രികൾ വാങ്ങുന്നതിന് ജി.ഒ(എം.എസ്)93/2012/LSGD, തിയതി 31.03.2012 പ്രകാരം സർക്കാർ വിശദമായ മാർഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗരേഖ പ്രകാരം രൂപീകരിക്കേണ്ടിയിരുന്ന പ്രക്യുയർമെന്റ് കമ്മിറ്റി, സബ് കമ്മിറ്റി എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. അർദ്ധ വർഷാടിസ്ഥനത്തിലോ മാസാടിസ്ഥാനത്തിലോ പ്രൊക്യുയർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. ഓരോ പ്രവൃത്തിക്കും വെവ്വേറെ ടെണ്ടർ വിളിച്ച് പ്രൊക്യുയർമെന്റ് നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഇതു കൂടാതെ സാധന സാമഗ്രികൾ സമാഹരിക്കുന്നതിന് ഉത്തരവിൽ ഉള്ള പൊതു നിബന്ധനകളും സാധന സാമഗ്രികളുടെ ഏറ്റുവാങ്ങൽ, വിതരണം, സംഭരണം, മിച്ചം വരുന്ന സാധനങ്ങളുടെ പരിപാലനം എന്നിവ സംബന്ധിച്ച ഉത്തരവിലെ നിബന്ധനകളും പാലിച്ചിട്ടില്ല. കൂടാതെ ഉത്തരവിലെ അനുബന്ധങ്ങളിലുള്ള മാതൃകയിൽ സാമഗ്രികളുടെ ഇന്റന്റ്, സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റു രേഖകൾ എന്നിവയും തയ്യാറാക്കി ഫയലുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

**<u>(2) സാധന സാമഗ്രികളുടെ ബില്ലുകൾ ഫയലിൽ ഇല്ല-</u>**

മിക്ക പ്രവൃത്തികളിലും ഭീമമായ അളവിൽ 40mm, 20mm,10mm മെറ്റൽ, പൂഴി, സിമന്റ് എന്നിവ ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ സാമഗ്രികളുടെ ബില്ലുകൾ/ഇൻവോയ്സുകൾ ഫയലുകളിൽ ഇല്ല. ക്രമ നം 1 ൽ വിവരിച്ചിരിക്കുന്ന സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെയും സാധനങ്ങൾ കൈപ്പറ്റുന്ന മെയ്റ്റുമാരുടെ കൈപ്പറ്റ് രശീതുകളുടെയും അഭാവത്തിൽ സാമഗ്രികളുടെ ബില്ലുകളുടെയും അഭാവം സാധനങ്ങളും സാമഗ്രികളും കൃത്യമായ അളവിൽ സംഭരിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. ഭീമമായ തുകകൾ സാമഗ്രികളുടെ വിലയായി കരാറുകാരുടെ അക്കൊണ്ടുകളിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ ഈ സാമഗ്രികളുടെ ബില്ലുകൾ വാങ്ങാതിരിക്കുന്നത് ശരിയായ നടപടിയല്ല.

**<u>(3) സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല-</u>**

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board of Indirect Taxes and customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. പ്രവൃത്തികളുടെയും സാമഗ്രികൾ വാങ്ങിയ വകയിൽ

കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര്, സാങ്കേതികാനുമതി | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | മെറ്റീരിയൽ ലിസ്റ്റ്, തിയതി | കുറവ് ചെയ്യേണ്ടിയിരുന്ന നികുതി |
|---|---|---|---|---|---|
| 1 | ബാപ്പുകയം അഗതി ചിറംകടവ് റോഡ് കോൺക്രീറ്റ് TS No.287820/18-19, dated 14-11-2018 | രാജീവ് ജി എസ് | 4,07,560 | ML 895 -1,83,070 ML 896-1,09,420 ML 897-1,10,570 ML 898-4,500 | 8,151 |
| 2 | ഓട്ടുമല MGLC കണ്ടുകയം റോഡ് കോൺക്രീറ്റ് TS No.247422/18-19, dated 05-11-2018 | രാജീവ് ജി എസ് | 4,07,191 | ML-834-4,500 ML-833-74,410.75 ML-836-1,64,000 ML-832-1,64,280 | 8,143 |
| 3 | ഗാന്ധിപുരം നരിയിരികികുംപാറ റോഡ് കോൺക്രീറ്റ് TS No.247399/18-19, dated 05-11-2018 | രാജീവ് ജി എസ് | 4,07,190 | 1601002-ML-837 തിയതി 4,07,190 | 8,143 |
| 4 | അരിപ്രേഡ് കാപ്പിതോട്ടം എസ് ടി കോളനി റോഡ് കോൺക്രീറ്റ് TS No.248815/18-19, dated 14-11-2018 | രാജീവ് ജി എസ് | 3,82,073 | ML-838-1,72,790 ML-839-1,71,098 ML-840-33,684 | 7,641 |

| | | | | | |
|---|---|---|---|---|---|
| | | | | ML-841-4,500 | |
| 5 | മുന്തന്റെ മൂലതട്ട് റോഡ് കോൺക്രീറ്റ് TS No.248815/18-19, dated 14-11-2018 | രാജീവ് ജി എസ് | 4,07,191 | | 8,143 |

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചിട്ടില്ല.

| ക്രമനം | പ്രവൃത്തിയുടെ പേര്, സാങ്കേതികാനുമതി | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | മെറ്റീരിയൽ ലിസ്റ്റ്, തിയതി | കുറവ് ചെയ്യേണ്ടിയിരുന്ന നികുതി |
|---|---|---|---|---|---|
| 1 | ബാപ്പുകയം അഗതി ചിറംകടവ് റോഡ് കോൺക്രീറ്റ് TS No.287820/18-19, dated 14-11-2018 | രാജീവ് ജി എസ് | 4,07,560 | ML 895 -1,83,070 ML 896-1,09,420 ML 897-1,10,570 ML 898-4,500 | 4,075 |
| 2 | ഓട്ടമല MGLC കണ്ടുകയം റോഡ് കോൺക്രീറ്റ് TS No.247422/18-19, dated 05-11-2018 | രാജീവ് ജി എസ് | 4,07,191 | ML-834-4,500 ML-833-74,410.75 ML-836-1,64,000 ML-832-1,64,280 | 4,071 |
| 3 | ഗാന്ധിപുരം നരിയിരികികുംപാറ റോഡ് കോൺക്രീറ്റ് | രാജീവ് ജി എസ് | 4,07,190 | 1601002-ML-837 തിയതി 4,07,190.75 | 4,071 |

| | | | | | |
|---|---|---|---|---|---|
| | TS No.247399/18-19, dated 05-11-2018 | | | | |
| 4 | അരിപ്രേഡ് കാപ്പിതോട്ടം എസ് ടി കോളനി റോഡ് കോൺക്രീറ്റ്<br>TS No.248815/18-19, dated 14-11-2018 | രാജീവ് ജി എസ് | 3,82,073 | ML-838-1,72,790<br>ML-839-1,71,098<br>ML-840-33,684.80<br>ML-841-4,500 | 3,820 |
| 5 | മുന്തന്റെ മൂലതട്ട് റോഡ് കോൺക്രീറ്റ്<br>TS No.248815/18-19, dated 14-11-2018 | രാജീവ് ജി എസ് | 4,07,191 | ലഭ്യമല്ല | 4,071 |

**(4) തൊഴിലുറപ്പ് പദ്ധതിയിൽ ഡി.എസ്.ആർ നിരക്കുകളേക്കാൾ അധികം നിരക്ക് അനുവദിക്കുന്നു.**

തൊഴിലുറപ്പ് പദ്ധതിയിൽ CPWD സ്പെസിഫിക്കേഷനുകളും ഡാറ്റയും പ്രാദേശിക നിരക്കുകളും അലവംബിച്ചാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ നിർവഹിച്ചിട്ടുള്ളത്. അവിദഗ്ധ തൊഴിലാളികൾക്കുള്ള കൂലി തൊഴിലുറപ്പ് പദ്ധതിയിലെ വേതന നിരക്കായ 271/day ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മറ്റു അർദ്ധ വിദഗ്ധ/വിദഗ്ധ തൊഴിലാളികൾക്ക് പ്രദേശിക മാർക്കറ്റ് നിരക്കുകളും ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ വിവിധ ഇനങ്ങൾക്ക് അനുവദിക്കുന്ന നിരക്കുകൾ ഇതേ ഇനം പ്രവൃത്തികൾക്ക് CPWD സ്പെസിഫിക്കേഷനുകളും ഡാറ്റയും ഡെൽഹി ഷെഡ്യൂൾ നിരക്കുകളും അവലംബിച്ച് പഞ്ചായത്തിൽ ഇതേ കാലയളവിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ അനുവദിച്ചതിനേക്കാൾ അധികം നിരക്കുകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു.

ഉദാഹരണത്തിന് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളും അവയുടെ നിരക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | വിശദാംശം | അനുവദിച്ചിട്ടുള്ള നിരക്കുകൾ |
|---|---|---|
| 1 | 4.1.8- cement concrete 1:4:8, 40mm stone | 5260.30/cum |
| 2 | 4.1.3- cement concrete 1:2:4, 20mm stone | 6584.98/cum |

മേൽ നിരക്കുകളിൽ വാട്ടർ ചാർജ്, CPOH, കോസ്റ്റ് ഇൻഡക്സ് തുടങ്ങിയ ഇനങ്ങൾ ഇല്ല. കൂടാതെ സാധന സാമഗ്രികളുടെ കടത്തു കൂലിയും ഉൾപ്പെട്ടിട്ടില്ല.

ഇതേ ഇനങ്ങൾക്ക് CPWD സ്പെസിഫിക്കേഷനുകളും ഡാറ്റയും 2016 ലെ ഡെൽഹി ഷെഡ്യൂൾ നിരക്കുകളും അവലംബിച്ച് വാട്ടർ ചാർജ്, CPOH, കോസ്റ്റ് ഇൻഡക്സ് എന്നിവ ഒഴിവാക്കി, സാധന സാമഗ്രികളുടെ കടത്തു കൂലി മാത്രം ഉൾപ്പെടുത്തി അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

| ഇനം | വിശദാംശം | അനുവദനീയമായ നിരക്കുകൾ |
|---|---|---|
| 1 | 4.1.8- cement concrete 1:4:8, 40mm stone | 3,855.49/cum |
| 2 | 4.1.3- cement concrete 1:2:4, 20mm stone | 4719.74/cum |

മേൽ താരതമ്യത്തിൽ നിന്നും തൊഴിലുറപ്പ് പദ്ധതിക്ക് അനുവദിച്ചിട്ടുള്ള നിരക്കുകൾ പഞ്ചായത്തിന്റെ മറ്റു പദ്ധതികളിൽ അനുവദിക്കുന്ന നിരക്കുകളേക്കാൾ വളരേ അധികമാണെന്ന് കാണാം. തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിക്കുന്ന പ്രാദേശിക മാർക്കറ്റ് നിരക്കുകൾ വളരേ കൂടിയിരിക്കുന്നതാണ് ഇതിനു കാരണം.

DSR 2016 ലെ നിരക്കുകളും അതേ ഇനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന മാർക്കറ്റ് നിരക്കുകളും ചുവടെ താരതമ്യപ്പെടുത്തുന്നു.

| ഇനം | തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ച പ്രാദേശിക നിരക്ക് | DSR 2016 ലെ നിരക്ക് |
|---|---|---|
| 0293- 40mm stone aggregate | 1700/cum | 1250/cum |
| 0295- 20mm stone aggregate | 1800/cum | 1300/cum |
| 0982- Coarse sand zone III | 2225/cum | 1200/cum |
| 0367- portland cement | 8000/MT | 5700/MT |
| 0155- Mason | 750/day | 467/day |
| 0101- Bhisti | 600/day | 407/day |
| 002- Hire charges of concrete mixer | 2000/day | 800/day |
| 0012- vibrator-needle type 40mm) | 800/day | 350/day |

തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന നിരക്ക് വളരെ അധികം ആണെന്ന് മേൽ താരതമ്യപട്ടികയിൽ നിന്ന് മനസ്സിലാക്കാം.

തൊഴിലുറപ്പ് പദ്ധതിയുടെ SECURE സോഫ്റ്റ്‌വെയ്റിൽ ഏറ്റവും പുതിയ പ്രാദേശിക മാർക്കറ്റ് നിരക്ക് ലഭ്യമായിട്ടുള്ളത് 06.05.2019 മുതൽ 15.05.2019 വരെ ബാധകമായിട്ടുള്ള പ്രാദേശിക മാർക്കറ്റ് നിരക്കാണ്. ഈ കാലയളവിൽ നിലവിലുള്ള ഡെൽഹി ഷെഡ്യൂൾ നിരക്കുകൾ 2018 ലേതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ 06.05.2019 മുതൽ 15.05.2019 വരെ ബാധകമായിട്ടുള്ള പ്രാദേശിക മാർക്കറ്റ് നിരക്കും 2018 ലെ ഡെൽഹി ഷെഡ്യൂൾ നിരക്കും അടിസ്ഥാനമാക്കി പഞ്ചായത്തിൽ നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ ഉപയോഗിച്ച സാമഗ്രികളുടെയും വേതനത്തിന്റെയും വാടകയുടെയും നിരക്കുകൾ ചുവടെ താരതമ്യം ചെയ്യുന്നു.

| ഇനം | തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ച പ്രാദേശിക നിരക്ക് (06.05.2019 മുതൽ 15.05.2019 വരെ) | DSR 2018 ലെ നിരക്ക് |
|---|---|---|
| 0293- 40mm stone aggregate | 1590/cum | 1300/cum |
| 0295- 20mm stone aggregate | 1840/cum | 1350/cum |
| 0982- Coarse sand zone III | 2606/cum | 1350/cum |
| 0367- portland cement | 8000/MT | 4940/MT |
| 0155- Mason | 750/day | 709/day |
| 0101- Bhisti | 600/day | 617/day |
| 002- Hire charges of concrete mixer | 2000/day | 800/day |
| 0012- vibrator- needle type 40mm) | 800/day | 350/day |

മേൽ പട്ടികയിൽ നിന്ന് നിലവിലും നിരക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതായി കാണാം. തൊഴിലാളികളുടെ കൂലി മാത്രം ഏകദേശം സമാനത പുലർത്തുന്നുണ്ട്. എന്നാൽ മറ്റെല്ലാ ഇനങ്ങളിലും തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിക്കുന്ന നിരക്ക് ഡി.എസ്.ആർ നിരക്കുകളെക്കാളും വളരെ അധികമാണെന്ന് കാണുന്നു. ഇതു മൂലം ഒരേ കാലയളവിൽ പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി വിഭാഗവും തൊഴിലുറപ്പ് പദ്ധതി വിഭാഗവും നടപ്പിലാക്കുന്ന ഒരേയിനം പ്രവൃത്തികൾക്ക് രണ്ട് വ്യത്യസ്ത നിരക്കുകൾ അനുവദിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കവുങ്ങിന് ജൈവവളം പദ്ധതി- പട്ടികവർഗ്ഗം - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രൊജക്ട് നം.92/19

അടങ്കൽ - 2,00,000/- രൂപ – ടി.എസ്.പി

ചെലവ് - 2,00,000/- രൂപ

ബിൽ നം.02/2018-19/24.9.2018 – 1,04,100/-രൂപ

ബിൽ നം.09/2018-19/13.11.2018 – 95,900/-രൂപ

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കവുങ്ങ് കർഷകർക്ക് ജൈവവളം വാങ്ങുന്നതിന് സബ്സിഡി നൽകാനുള്ളതാണ് ഈ പദ്ധതി. ആകെ 47 പേർക്ക് ഈ പദ്ധതി പ്രകാരം ജൈവവളം വാങ്ങുന്നതിന് സബ്സിഡി നൽകിയിട്ടുണ്ട്. ഈ 47 പേരിൽ ബിൽ നം.09/2018-19/13.11.2018 പ്രകാരം മാറിയ 95,900/-രൂപ 25 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന 2 ഗുണഭോക്താക്കൾ ഒരേ വീട്ടിൽ താമസിക്കുന്ന അച്ഛനും മകനുമാണ്. കാരണം അവരുടെ വാർഡ് നമ്പർ, വീട്ട് നമ്പർ, റേഷൻ കാർഡ് നമ്പർ, അഡ്രസ്സ് എന്നിവ അപേക്ഷ പ്രകാരം ഒന്നു തന്നെയാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് അഡ്രസ്സ് | വാർഡ് നമ്പർ, വീട്ട് നമ്പർ, റേഷൻ കാർഡ് നമ്പർ | അനുവദിച്ച തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|---|
| 1 | ചന്ദ്രൻ.ടി<br>s/o അണ്ണ നായിക്, കിഴക്കേതുമ്പോടി<br>ചാമുണ്ടിക്കുന്ന് (പി)ഒ | വാർഡ് നമ്പർ - 3<br>വീട്ട് നമ്പർ - 405<br>റേഷൻ കാർഡ് നമ്പർ-<br>2480017354 | 3950/- രൂപ | 40492100011727 |
| 2 | ജഗദീഷ്.ടി<br>s/oചന്ദ്രൻ.ടി<br>s/o അണ്ണ നായിക്, കിഴക്കേതുമ്പോടി<br>ചാമുണ്ടിക്കുന്ന് (പി)ഒ | വാർഡ് നമ്പർ - 3<br>വീട്ട് നമ്പർ - 405<br>റേഷൻ കാർഡ് നമ്പർ-<br>2480017354 | 3950/- രൂപ | 40492101026856 |

ഒരേ വീട്ടിൽ താമസിക്കുന്ന അച്ഛനും മകനും ഒരേ പദ്ധതിയിൽ സബ്സിഡി ആനുകൂല്യം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ അപാകതയ്ക്ക് ഓഡിറ്റ് ഓഡിറ്റ് എൻക്വയറി നം.07/16.01.2020 വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ജഗദീഷ്.ടി, s/oചന്ദ്രൻ.ടി എന്നവർക്ക് സബ്സിഡി ഇനത്തിൽ അനുവദിച്ച 3,950/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു, ഈ തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2018-19 | 15,35,450 | 15,35,450 | ലൈഫ് ജനറൽ | 3,77,500 | 11,57,950 |
| | | 2018-19 | 12,59,222 | 12,59,222 | ലൈഫ് ST | 37,000 | 12,22,222 |
| | | 2018-19 | 9,85,800 | 9,85,800 | ഹരിത ഭവനം | 6,62,400 | 3,23,400 |
| | | 2018-19 | 15,000 | 15,000 | സമ്പൂർണ എലിനശീകരണം | 15,000 | 0 |
| | | 2018-19 | 75,000 | 75,000 | ഭിന്ന ശേഷി സ്കോളാർഷിപ്പ് | 0 | 75,000 |
| | | 2018-19 | 16,62,000 | 16,62,000 | പാലിനു സബ്സിഡ് | 16,62,000 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 75,000 | 75,000 | ഭിന്ന ശേഷി സ്കോളാർഷിപ്പ് | 75,000 | 0 |
| | | 2018-19 | 19,41,567 | 19,41,567 | ലൈഫ് ജനറൽ | 19,41,567 | 0 |
| | | 2018-19 | 4,25,556 | 4,25,556 | ലൈഫ് ST | 4,25,556 | 0 |
| | | 2018-19 | 20,000 | 20,000 | സാന്ത്വന പരിചരണം | 15,675 | 4,325 |
| | | 2018-19 | 54,280 | 54,280 | നെൽകൃഷി ബോനസ് | 54,280 | 0 |
| | | 2018-19 | 1,27,500 | 1,27,500 | പച്ചക്കറി കൃഷി | 64,600 | 62,900 |
| | | 2018-19 | 50,000 | 50,000 | സംയോജിത കൃഷി | 16,666 | 33,334 |
| | | 2018-19 | 4,54,540 | 4,54,540 | പാലിനു സബ്സിഡ് | 4,54,540 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വൈദ്യുതി ലൈൻ നീട്ടൽ | ലഭ്യമല്ല | 1,08,400 | 1,08,400 | ഇല്ല |
| KSEB | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | ലഭ്യമല്ല | 4,37,780 | 4,37,780 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി KURDFC | വിവരം ലഭ്യമാക്കിയിട്ടില്ല | 45,65,935<br>1,13,00,000 | 45,65,935<br>1,13,00,000 | - | - | 45,65,935<br>1,13,00,000 |
| പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് | 37805/DB2/09/LSGD dt 20-11-09 | 83,25,776 | 4,56,024 | 4,56,024 | - | ഇല്ല |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2-4 | 2006-07 | 3.104.2 | കുടുമ്പൂർ തുക്ക് പാലം നിർമ്മാണം | തുടരുന്നു |
| 2015-16 | 2-2 | 2016-17 | അദ്ധ്യായം 2,അനുബന്ധം-5 | തൊഴിൽ നികുതി | തുടരുന്നു |
| 2014-15 | 2-3 | 2016-17 | അദ്ധ്യായം 2,അനുബന്ധം-4 | തൊഴിൽ നികുതി | തുടരുന്നു |
| 2015-16 | അവലോകന റിപ്പോർട്ട് | 2015-16 | 3.6.2 | പ്രവർത്തന ക്ഷമത ഓഡിറ്റ് റിപ്പോർട്ട് | തുടരുന്നു |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക- ഇല്ല**

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക -ഇല്ല**

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,36,92,118 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,56,24,853 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,950 |
| | |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,11,165 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | ------------------------ | 3,950 | അഭിജിത്ത് വി പി , കൃഷി ഓഫീസർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 93,309 | എ ബാലചന്ദ്ര, ഹെഡ്മാസ്റ്റർ |
| 1-15 | 6,00,000 | ഗോപി പി, ഹെഡ്മാസ്റ്റർ |
| 1-16 | 5,00,000 | ഗോപി പി, ഹെഡ്മാസ്റ്റർ |
| 1-17 | 4,25,516 | ഗോപി പി, ഹെഡ്മാസ്റ്റർ |
| 1-34 | 92,340 | സജന കായക്കിൽ, ICDS സൂപ്പർവൈസർ |
| ആകെ | 17,11,165 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | ഇല്ല |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| | |
|---|---|
| ഖണ്ഡിക നമ്പർ | ഇല്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| അഭിജിത്ത് വി പി , കൃഷി ഓഫീസർ | ലഭ്യമല്ല | ലഭ്യമല്ല |

( ഊ റിപ്പോർട്ടിനുള്ള പ്രഥമ മറുപടികൊപ്പം അഭിജിത്ത് വി പി , കൃഷി ഓഫീസരുടെ ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം,സ്ഥിരം മേൽവിലാസം ലഭ്യമാക്കേണ്ടതാണ്)

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1986-87 | കെ.എസ്എ-കെ.എസ്.ഡി:10/490/18(1), തി:27.04.2018 | 01 |
| 1990-91 മുതൽ 1994-95 വരെ | കെ.എസ്എ-കെ.എസ്.ഡി:10/1343/18(2), തി:31.05.2019 | 04 |
| 1996-97(E) | കെ.എസ്എ-കെ.എസ്.ഡി:10/1343/18(4), തി:31.05.2019 | 12 |
| 1996-97(F) | കെ.എസ്എ-കെ.എസ്.ഡി:10/1343/18(5), തി:31.05.2019 | 01 |
| 1997-98(P) | കെ.എസ്എ-കെ.എസ്.ഡി:10/1343/18(6), തി:31.05.2019 | 06 |
| 1997-98(F) | കെ.എസ്എ-കെ.എസ്.ഡി:10/1343/18(7), തി:31.05.2019 | 02 |
| 1998-99(P) | കെ.എസ്എ-കെ.എസ്.ഡി:10/1343/18(8), തി:31.05.2019 | 02 |
| 1999-00(P) | കെ.എസ്എ-കെ.എസ്.ഡി:10/1343/18(10), തി:31.05.2019 | 08 |
| 1999-00(F) | കെ.എസ്എ-കെ.എസ്.ഡി:10/1343/18(11), തി:31.05.2019 | 02 |
| 2000-01(P) | എൽ.എഫ്.കെ.എസ്.ഡി:4/650/07 തി:11.12.07 | 06 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി:3/485/08 തി:04.11.08 | 07 |
| 2001-02(P) | എൽ.എഫ്.കെ.എസ്.ഡി:4/651/07 തി:13.08.07 | 04 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി:3/486/08 തി:04.11.08 | 08 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി:3/487/08 തി:04.11.08 | 07 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി:3/488/08 തി:04.11.08 | 12 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി:3/489/08 തി:04.11.08: | 13 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി:6/247/11 തി:15.09.11 | 15 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി:6/896/11 തി:14.02.12 | 14 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി:3/01/11 തി:06.09.12 | 22 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി:3/359/12 തി:12.12.12 | 14 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി:3/373/12 തി:02.02.13 | 17 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി:3/326/12 തി:02.02.13 | 22 |
| | | |

| | | |
|---|---|---|
| 2011-12, 2012-13 | എൽ.എഫ്.കെ.എസ്.ഡി:9/22/14 തി:23.07.14 | 45 |
| 2013-14 | കെ.എസ്.എ/കെ.എസ്.ഡി/1252/15 തി:03.12.2015 | 23 |
| 2014-15 | കെ.എസ്.എകെ.എസ്.ഡി10/773/16 തി: 27.07.16 | 19 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി10/68/17 തി:03.01.2017 | 12 |
| 2016-17 | കെ.എസ്.എ-കെ.എസ്.ഡി10/996/17 തി:14.09.17 | 13 |
| 2017-18 | കെ.എസ്.എ-കെ.എസ്.ഡി10/164/2019 തി:23-02-19 | 24 |

ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ കാര്യാലയം, കാസർഗോഡ്.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം: കെ.എസ്.എ/കെ.എസ്.ഡി.10/141/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.

ഫോൺ: 0499 4256690

ഇ-മെയിൽ: doksd.ksad@kerala.gov.in

തീയ്യതി: 18-03-2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാസറഗോഡ് ജില്ലയിലെ പനത്തടി ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1(11) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Panathady Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3193695.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 80853.00 |
| 140000000 | Fee & User Charges | I-4(b) | 462289.00 |
| 150000000 | Sale & Hire Charges | I-5(b) | 187710.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 167950592.00 |
| 171000000 | Interest Earned | I-8 | 292766.00 |
| 180000000 | Other Income | I-9 | 301.00 |
| | **Total Income** | | **172168206.00** |
| | | | |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10151624.00 |
| 220000000 | Administrative Expenses | I-11(b) | 1379276.00 |
| 230000000 | Operations & Maintenance | I-12(b) | 1822375.00 |
| 240000000 | Interest & Finance Charges | I-13 | 2372.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8301226.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 96955964.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 14369752.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 808857.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 38993100.00 |
| 255000000 | Maintenance Projects | I-14(e) | 13073904.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 300000.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 272000000 | Depreciation | I-17(a) | 10680993.32 |
| | **Total Expenditure** | | **196839443.32** |
| | **Gross Surplus/ Deficit of income over Expenditure** | | **-24671237.32** |
| 280000000 | Prior Period Item | I-18 | 682602.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-25353839.32** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-3 റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Panathady Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 8674009.00 |
| Cash | Cash | RP-40(a) | 145136.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 693020.00 |
| 140000000 | Fees & User Charges | RP-4 | 337839.00 |
| 150000000 | Sale & Hire Charges | RP-5 | 186030.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 72468328.00 |
| 171000000 | Interest Earned | RP-9 | 292766.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 19991915.00 |
| 350000000 | Other Liabilities | RP-36 | 277090.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 301.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 330000000 | Secured Loans | RP-32 | 23715935.00 |
| 340000000 | Deposits Received | RP-34 | 183716.00 |
| 350000000 | Other Liabilities | RP-36 | 179784.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 15347394.00 |
| 460000000 | Loans, Advances and Deposits | RP-47 | 18000.00 |
| | **Grand total** | | **142511263.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3836047.00 |
| 220000000 | Administrative Expenses | RP-12 | 1379276.00 |
| 230000000 | Operations & Maintenance | RP-13 | 1822375.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8154630.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 29229068.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 14516348.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 808857.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 753600.00 |
| 255000000 | Maintenance Projects | RP-20 | 13073904.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 300000.00 |
| 280000000 | Prior Period item | RP-26 | -5289.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 876924.00 |
| 350000000 | Other Liabilities | RP-36 | 4747139.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 2372.00 |
| 280000000 | Prior Period Item | RP-26 | -4615.00 |
| 330000000 | Secured Loans | RP-32 | 1702232.00 |
| 340000000 | Deposits Received | RP-34 | 137887.00 |
| 350000000 | Other Liabilities | RP-36 | 1735674.00 |
| 410000000 | Fixed Assets | RP-38 | 5562253.00 |
| 412000000 | Capital work in Progress | RP-40 | 229118.00 |
| 440000000 | Pre-paid Expenses | RP-45 | 15915935.00 |
| 460000000 | Loans, Advances and Deposits | RP-47 | 851118.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 36816442.00 |
| Cash | Cash | RP-40(b) | 69968.00 |
| | **Grand Total** | | **142511263.00** |

# അനുബന്ധം-4 ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Panathady Grama Panchayat<br>BALANCE SHEET | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -44797494.32 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 98657995.00 |
| | **Total Reserve & Surplus** | | **53860500.68** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 28583452.00 |
| | **Total Grants, Contributions for Specific Purposes** | | **28583452.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 26767182.00 |
| | **Total Loans** | | **26767182.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 408298.00 |
| 341000000 | Deposits Works | B-8 | 0.0 |
| | | | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 1545384.00 |
| | **Total Current Liabilities and Provisions** | | **1953682.00** |
| | TOTAL LIABILITIES | | **111164816.68** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 96282487.00 |
| 411000000 | Accumulated Depreciation | B-11 | -41145135.32 |
| 412000000 | Capital Work in Progress | B-11(a) | 229118.00 |
| | **Total Fixed Assets** | | **55366469.68** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 22990.00 |
| 440000000 | Pre-paid Expenses | B-16 | 18636045.00 |
| 450000000 | Cash and Bank Balance | B-17 | 36886410.00 |
| 460000000 | Loans, Advances and Deposits | B-18 | 252902.00 |
| | **Total Current Assets, Loans and Advances** | | **55798347.00** |

| | | | |
|---|---|---|---|
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | TOTAL ASSETS | | **111164816.68** |